യൂണിറ്റ് 1

**കാലിലാലോലം ചിലമ്പുമായ്.**

**ആമുഖം**

കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ചും വർത്തമാനകാലത്ത് അതിനു സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യശോഷണത്തെക്കുറിച്ചും കുട്ടികൾക്ക് ഉൾക്കാഴ്ച നല്കുന്ന മൂന്നു രചനകളാണ് ഈ യൂണിറ്റിലുള്ളത്. ഈ മൂന്നു രചനകളേയും സമഗ്രമായ കാഴ്ചപ്പാടിൽ വിലയിരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ചുവടെ നല്കിയിരിക്കുന്നത്.

<u>പ്രവർത്തനം 1</u>

- കാലിലാലോലം ചിലമ്പുമായ് എന്ന യൂണിറ്റിലെ രചനകളിൽ പ്രതിപാദിക്കുന്ന കലാരൂപങ്ങൾ ഏതെല്ലാം ? അവയുടെ സവിശേഷതകൾ എന്തൊക്കെ?
- അധ്യാപിക ചോദ്യം ഉന്നയിക്കുന്നു.
  പൊതുചർച്ച, ക്രോഡീകരണം
- ഈ രചനകളിലെ പ്രധാന കഥാപാത്രങ്ങൾ ആരൊക്കെ ?

കഥകളി, കൂത്ത്, കൂടിയാട്ടം, ചിത്രകല

കുട്ടികൾ പ്രതികരിക്കുന്നു. (BB)

തുടർന്ന് കുട്ടികളെ 4/5 വീതമുള്ള 6 ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പിൽ പ്രവർത്തന പത്രിക 1 നല്കുന്നു. (രണ്ടു ഗ്രൂപ്പുകൾക്ക് ഒരു കഥാപാത്രം എന്ന വിധത്തിൽ.കഥാപാത്രങ്ങളെ സൂക്ഷ്മതലത്തിൽ വിലയിരുത്തുന്നതിനും കഥാപാത്രസ്വഭാവം, സവിശേഷതകൾ,ജീവിതദർശനം എന്നിവ കണ്ടെത്തുന്നതിനും ഉതകുന്ന രീതിയിൽ പ്രവർത്തനം നടക്കുന്നുവെന്നുറപ്പാക്കണം.)

ഗ്രൂപ്പ്ചർച്ചക്കു ശേഷം

- വ്യക്തിഗതമായി കഥാപാത്രനിരൂപണം തയാറാക്കൽ.
- കൈമാറി വിലയിരുത്തി മികച്ചത് കണ്ടെത്തൽ.
- പൊതു അവതരണം.
- കൂട്ടിച്ചേർക്കൽ
- ക്രോഡീകരണം

എന്നിവ നടക്കണം.

കഥാപാത്ര നിരൂപണം എന്ന രചനാ രൂപത്തിന്റെ സവിശേഷതകൾ കൂടി ക്രോഡീകരണത്തിൽ ഉൾപ്പെടുത്തണം

തുടർന്ന് ഈ കഥാപാത്രങ്ങൾക്ക് പൊതുവായ എന്തെങ്കിലും സവിശേഷതകളുണ്ടോ എന്ന ചോദ്യം ഉന്നയിക്കുന്നു.

ഒന്നാമത്തെ പ്രവർത്തന പത്രികയെ അടിസ്ഥാനമാക്കി പൊതുചർച്ച, ക്രോഡീകരണം

പ്രവർത്തനപത്രിക 2 ഗ്രൂപ്പിൽ നല്കുന്നു.


| | | |
|---|---|---|
| ഗ്രൂപ്പ് | 1,2 | ശിവരാമൻ - ദമയന്തി |
| | 3,4 | ശിവരാമൻ - വിദൂഷകൻ |
| | 5,6 | ദമയന്തി - വിദൂഷകൻ |

രണ്ട് രചനകളിൽ നിന്നും തെളിവുകൾ കണ്ടെത്തി കഥാപാത്രാവതരണരീതിയുടെ സവിശേഷതകൾ കണ്ടെത്തുന്നു.

താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു.

അവതരണരീതി കഥാപാത്രങ്ങളോടുള്ള വായനക്കാരുടെ മനോഭാവത്തെ എപ്രകാരം സ്വാധീനിക്കുന്നുവെന്ന ധാരണ പൊതു ചർച്ചയിലൂടെ ബോധ്യപ്പെടണം

പ്രവർത്തന പത്രിക – 1
കഥാപാത്രനിരൂപണം




പ്രവർത്തനപത്രിക 2

- ദമയന്തി ,ശിവരാമൻ, കൗണ്ഡിന്യൻ (വിദൂഷകൻ) എന്നീ കഥാപാത്രങ്ങളെ അവതരിപ്പിച്ച രീതിയുടെ സവിശേഷതകൾ കണ്ടെത്തുക?
- ഈ കഥാപാത്രങ്ങളുടെ ജീവിതാവസ്ഥയോടുള്ള നിങ്ങളുടെ മനോഭാവമെന്ത്?
- കഥാപാത്രങ്ങളോടുള്ള വായനക്കാരന്റെ മനോഭാവം രൂപപ്പെടുത്തുന്നതിൽ കഥാപാത്ര അവതരണരീതിയുടെ പ്രാധാന്യമെന്ത്?
- സമകാലിക സാമൂഹ്യജീവിതത്തിൽ ഈ മൂന്നു രചനകൾ നല്കുന്ന സന്ദേശം,പ്രസക്തിഎന്നിവ കണ്ടെത്തുക.

യൂണിറ്റ് 2
ഇരുചിറകുകളൊരുമയിലങ്ങനെ

സാമൂഹ്യജീവിതത്തിലെ സ്ത്രീപദവിയെക്കുറിച്ചുള്ള ആധുനികമായചിന്തകൾ കുട്ടികളിൽ വളർത്തുന്നതിനും വിവേചനങ്ങളില്ലാത്ത സാമൂഹ്യജീവിതത്തെക്കുറിച്ച നിലപാടുകൾ രൂപീകരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും പര്യാപ്തമായ രചനകളാണ് ഈ യൂണിറ്റിലുള്ളത്

സാമൂഹത്തിലേയും സാഹിത്യത്തിലേയും സ്ത്രീയവസ്ഥ സംബന്ധിച്ച അവബോധം രൂപീകരിക്കുന്നതിനുള്ള ഒട്ടേറെ പഠനപ്രവർത്തനങ്ങൾ ക്ലാസ്സുകളിൽ നടത്തിയിട്ടുണ്ടാവുമല്ലോ? അതിന്റെ തുടർച്ചയായി നല്കാവുന്ന ചില പ്രവർത്തനങ്ങളാണ് ഇവിടെ നല്കിയിരിക്കുന്നത്.

പ്രവർത്തനം

- പ്രവർത്തന പത്രിക ഒന്ന് 4/5 പേരുള്ള ഗ്രൂപ്പിൽ നല്കുന്നു.
- 2/3 ഗ്രൂപ്പിനു ലാബ് എന്ന കവിത അവതരിപ്പിക്കാൻ അവസരം നല്കുന്നു.
- കവിതാചർച്ച ഗ്രൂപ്പിൽ
- വ്യക്തിപരമായി ആസ്വാദനം തയാറാക്കൽ
- മികച്ചവ കണ്ടെത്തൽ (മികച്ചവയുടെ സൂചകങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കണം)
- പൊതു അവതരണം - ചർച്ച

ഓരോ കുട്ടിക്കും സ്വന്തം രചനകളുടെ മികവും പരിമിതിയും തിരിച്ചറിയാൻ കഴിയുന്ന ചർച്ച നടക്കണം.

കവിതകൾക്ക് ആസ്വാദനം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ചയിലൂടെ ഉരുത്തിരിയണം

തുടർന്ന്

- പ്രവർത്തന പത്രിക രണ്ടും മൂന്നും 4/5 പേരുള്ള ഗ്രൂപ്പിൽ നല്കുന്നു.
- 1,2,3 ഗ്രൂപ്പിനു പ്രവർത്തന പത്രിക രണ്ടും 4,5,6 ഗ്രൂപ്പിനു പ്രവർത്തന പത്രിക മൂന്നും നല്കുന്നു.
- വിശകലനപത്രികയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളിൽ ചർച്ച
- പാഠഭാഗത്തു നിന്നും തെളിവുകൾ കണ്ടത്തി വ്യക്തിപരമായി പ്രതികരണക്കുറിപ്പ് തയാറാക്കൽ
- ചർച്ച , മെച്ചപ്പെടുത്തൽ
- പൊതു അവതരണം
- പ്രധാനാശയങ്ങൾ ക്രോഡീകരണം (BB)

പ്രതികരണക്കുറിപ്പിനുണ്ടാകേണ്ട ഗുണങ്ങൾ ചർച്ചയിൽ വരണം. പ്രശ്നം, പ്രശ്നവിശകലനം, നിലപാട് എന്നിവ പ്രതികരണക്കുറിപ്പിൽ ഉറപ്പു വരുത്തണം

**<u>തുടർ പ്രവർത്തനം</u>**

ഇവൾക്കു മാത്രമായ് ,ലാബ്എന്നീ കവിതകളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീയുടെ ജീവിതാവസ്ഥകൾ വർത്തമാനകാല സമൂഹത്തിന്റെ നേർചിത്രമാണോ ? ഇക്കാലത്തെ സ്ത്രീജീവിതാവസ്ഥകൾ കുടിവികലനം ചെയ്ത് സ്ത്രീകളുടെസാമൂഹ്യ പദവി കേരളത്തിൽ എന്ന വിഷയത്തെ കുറിച്ച് ഒരു മുഖപ്രസംഗം തയാറാക്കുക

യൂണിറ്റ് 2

**<u>ഇരുചിറകുകളൊരുമയിലങ്ങനെ</u>**

പ്രവർത്തനപത്രിക - 1

ആസ്വാദനം തയാറാക്കൽ

**ലാബ്**

കെമിസ്ട്രി സാറാണ പറഞ്ഞത്
അടുക്കള ഒരു ലാബാണെന്ന്
പരീക്ഷിച്ച നിരീക്ഷിച്ച്
നിന്നപ്പോഴാണ കണ്ടത്,
വെളുപ്പിനുണർന്ന്
പുകഞ്ഞ് പുകഞ്ഞ്
തനിയെ സ്റ്റാർട്ടാകുന്ന
കരിപുരണ്ട, കേടു വന്ന
ഒരു മെഷീൻ
അവിടെയെന്നും
സോഡിയം ക്ലോറൈഡ് ലായനി
ഉല്പാദിപ്പിക്കുന്നുണ്ടെന്ന്.

എൻ പി സ്നേഹ

- കവിതയുടെ കേന്ദ്രാശയം എന്ത് ?
- അടുക്കളയെ ലാബിനോടു സാദൃശ്യപ്പെടുത്തിയതിന്റെ ഔചിത്യം എന്ത്?
- മെഷീൻ എന്ന പ്രയോഗത്തിന്റെ ധ്വന്യാർഥം എന്ത്?
- സോഡിയം ക്ലോറൈഡ് ലായനി എന്തിന്റെയെല്ലാം പ്രതീകമാവാം?
- കവിതയുടെ അവതരണരീതിയുടെ സവിശേഷത എന്ത്?
- സ്ത്രീ ജീവിതാവസ്ഥയെ അവതരിപ്പിക്കുന്നതിന് കവി തെരഞ്ഞെടുത്ത പ്രയോഗങ്ങൾ എത്രമാത്രം പര്യാപ്തമാണ്?
- ഈ കവിതയുടെ സമകാലീക പ്രസക്തി കണ്ടെത്തുക.
- രണ്ടാമത്തെ യൂണിറ്റിലെ രചനകളുമായി പ്രമേയതലത്തിലുള്ള ബന്ധം പരിശോധിക്കുക.

പ്രവർത്തന പത്രിക 2

ജോസഫ് മുണ്ടശ്ശേരിയുടെ ചില നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു. യൂണിറ്റിലെ രചനകൾ വിലയിരുത്തി നിരീക്ഷണങ്ങളോടു യുക്തിപൂർവം പ്രതികരിക്കുക.

- ദുഃഖങ്ങളുടേയും ദുരിതങ്ങളുടേയും അട്ടിപ്പേറവകാശിനികളായി, അങ്ങേയറ്റത്തെ ത്യാഗശാലിനികളായി എല്ലാ പ്രസിദ്ധ കഥകളിലും സ്ത്രീകൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
- ഒട്ടൊക്കെ രാമനീതിയെ വിമർശിക്കുന്ന സീതയായി മാറ്റുവാൻ ആശാൻ ധൈര്യപ്പെട്ടു.
- തന്റെ സീതക്ക് അവളുടേതായ ഒരു വ്യക്തിത്വം സംഭാവനചെയ്യുവാൻ ആശാന് കഴിഞ്ഞിട്ടുണ്ട്
- വെറും ത്യാഗിനിയുടെ പാരമ്പര്യത്തിൽ നിന്ന് സീതയെ അഭിമാനമുള്ള സ്ത്രീത്വത്തിന്റെ പാരമ്പര്യത്തിലേക്കുയർത്തി.
- താൻപോരിമ കാണിക്കുന്ന സ്ത്രീ - അവളെ പുരുഷന്റെ സാഹിത്യവും ആസ്വാദനപാരമ്പര്യവും വെറുക്കുന്നുവെന്നേ പറയാനുള്ളൂ.

<u>പ്രവർത്തന പത്രിക 3</u>

- ഇവൾക്കു മാത്രമായ് എന്ന ശീർഷകം ധ്വനിപ്പിക്കുന്നതെന്ത്?
- ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ, കടലോളം കണ്ണീർകുടിച്ചവൾ എന്നീ കല്പനകളുടെ ഔചിത്യം വിശദമാക്കുക.
- പുരുഷാധിപത്യലോകത്തിന്റെ അടിച്ചമർത്തലുകളിൽ നിന്ന് സ്ത്രീകൾക്ക് മോചനം നേടാൻ കഴിയുമെന്ന പ്രത്യാശ കവി പുലർത്തുന്നുണ്ടോ? എന്തുകൊണ്ട്?
- കവിയുടെ മോഹം നിഷ്ഫലമായി ഒടുങ്ങുന്നതിനോടുള്ള നിങ്ങളുടെ നിലപാടെന്ത് ?
- 'ദുഃഖങ്ങളുടേയും ദുരിതങ്ങളുടേയും അട്ടിപ്പേറവകാശിനികളായി, അങ്ങേയറ്റത്തെ ത്യാഗശാലിനികളായി എല്ലാ പ്രസിദ്ധ കഥകളിലും സ്ത്രീകൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു'. മുണ്ടശ്ശേരിയുടെ ഈ നിരീക്ഷണം ഇവൾക്കു മാത്രമായ് എന്ന കവിതയെ സംബന്ധിച്ചിടത്തോളം എത്രമാത്രം ശരിയാണ്?

ചോദ്യസാധ്യതകൾ

- 'ഇവൾ <u>കാലത്തിന്റെ കരങ്ങളിൽ</u> മാത്രം സമാശ്വസിക്കുവോൾ'.അടിവരയിട്ട പദങ്ങളുടെ സൂചനയെന്ത്? 1
- 'കണ്ണുകൊണ്ടിങ്ങനെ കണേണമെന്നത്
  ഉണ്ണികളെയെനിക്കെന്തിതു തോന്നുവാൻ'
  വരികളിലെ കാവ്യപരമായ ഏതെങ്കിലും രണ്ട് സവിശേഷത കുറിക്കുക 2
- എന്റെ ചങ്ങാതി എത്തിപ്പോയി, വിശപ്പുകൊണ്ട് ആ കുട്ടികൾ തളർന്നു പോയി രണ്ടു വാക്യങ്ങളിലേയും പോയി എന്ന പദത്തിന്റെ താല്പര്യഭേദങ്ങൾ കണ്ടെത്തി എഴുതുക 2

- കൊട്ടി അറിയിക്കുക – കൊട്ടിയറിയിക്കുക
  പദങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന ഗുണം കണ്ടെത്തി എഴുതുക 1
- മാതൃക പോലെ മാറ്റി എഴുതുക
  മാതൃക :- ദിവ്യായുധം - ദിവ്യമായ ആയുധം
  പുത്രപൗത്രന്മാർ
  വിഷാദക്കയം 2
- 'ഉപ്പുപ്പാനാരുമില്ല.,എങ്കിലും തരുണൻ കരുതും തനിക്ക് ചില ചുമതലകളുണ്ടെന്ന്'
  വരികളിൽ തെളിയുന്ന കഥാപാത്രത്തിന്റെ ജീവിതവീക്ഷണം കുറിക്കുക 2
- "ചവിട്ടാൻ ചിലപ്പോൾ നിങ്ങൾക്ക പൂജിക്കാൻ,
  പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കുവാൻ
  തുണക്കു കൈകോർത്തു നടക്കാൻ, മക്കളെ
  പിടക്കും നെഞ്ഞത്ത് കിടത്തിപ്പോറ്റുവാൻ
  ഇവൾക്കു മാത്രമായ് ഒരു ജന്മം"
  സ്ത്രീ ജീവിതത്തെക്കുറിച്ചുള്ള സുഗതകുമാരിയുടെ ഈ നിരീക്ഷണങ്ങൾ സമകാലിക സമൂഹത്തിന്റെ നേർചിത്രമാണോ നല്കുന്നത്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.
- 'ചോറിന്റെ നേരെയാണ് ആക്രമണം കയ്യേറ്റക്കാർക്കാണല്ലോ ഇന്നു സ്ഥാനം. കയ്യേറി കയ്യേറി എന്തായിന്നല്ലേ,ചോറിന്റെ സ്ഥാനം മുഴുവൻ മുരിഞ്ഞപ്പേരി പിടിച്ചെടുത്തു. ഇപ്പോൾ ചോറിന് ഒരു സ്ഥാനോല്ല്യാന്നായിട്ടുണ്ട്'
  തന്റെ പ്രശ്നങ്ങളെ കൗണ്ഡിന്യൻ അവതരിപ്പിച്ച രീതിയുടെ സവിശേഷതകൾ വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.
- അർജ്ജുനന്റെ വിഷാദകാരണങ്ങളെ മാരാർ വിശകലനം ചെയ്യുന്നതിന്റെ രണ്ട് സൂചനകൾ നല്കുന്നു. രണ്ടു സൂചനകൾ കൂട്ടിച്ചേർക്കുക.

1. സൈന്ധവത്തിലെ യുദ്ധം
2. ദുശ്ശളയുടെ അഭ്യർഥന
3. ....
4. .....

- ചെരുപ്പില്ലാത്തോരാണെൻ സന്തതസഹചരർ;
  ചരണത്തിലെ ചർമ്മം വിണ്ടവരെൻ തോഴന്മാർ
  വരികളിൽ തെളിയുന്ന കവിയുടെ ജീവിത ദർശനം വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക
- "തീരെ ഗതികെട്ടാൽ കുടിച്ചു ചാകാൻ അവനു വല്ലവരുടേയും കിണറന്വേഷിക്കണ്ടല്ലോ"
  ഉപ്പുപ്പാനോടുള്ള സമൂഹത്തിന്റെ സമീപനത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ ? സ്വാഭിപ്രായം കുറിക്കുക.

- 'സ്വർണവർണമരയന്നം മഞ്ജുനാദമിതു
  നിർണയമെനിക്കിണങ്ങുമെന്നു തോന്നും'
  'ക്രൂരനല്ല സാധുവത്രേ ചാരുരൂപൻ'
  ഹംസത്തെ കുറിച്ചുള്ള ദമയന്തിയുടെ നിഗമനങ്ങളെ മിന്നുന്നതെല്ലാം പൊന്നല്ല എന്ന പഴഞ്ചൊല്ലുമായി ബന്ധിപ്പിച്ചു വ്യാഖ്യാനിക്കുക.
  പ്രഥമദൃഷ്ടിയിൽത്തന്നെ ഒരാളെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്ന ദമയന്തിയുടെ സ്വഭാവം എത്രത്തോളം ആശാസ്യമാണ്? പരിശോധിച്ചു കുറിപ്പു തയാറാക്കുക.
- ഓരോ സമൂഹത്തിലും സ്ത്രീയുടെ അവസ്ഥ നോക്കിയാൽ അറിയാം ആ സമൂഹത്തിന്റെ അവസ്ഥ. സ്ത്രീ അടിമയായി കഴിയുന്ന നാട്ടിൽ സമൂഹവും അടിമത്തത്തിലാണ്. സ്ത്രീയുടെ മോചനത്തിലൂടെ മാത്രമേ സമൂഹത്തിന്റെ മോചനം സാധ്യമാകൂ.- വി ടി ഭട്ടതിരിപ്പാട്

## യൂണിറ്റ് – 3

## അശാന്തിപർവങ്ങൾക്കപ്പുറം

ആമുഖം

മനുഷ്യൻ മനുഷ്യനും ചുറ്റുപാടിനും ഏല്പിക്കുന്ന ദാരുണമായ ആഘാതമാണ് ഓരോ യുദ്ധവും. യുദ്ധത്തിന്റെ ദുരന്തങ്ങൾ വ്യക്തിപരവും സാമൂഹികവുമാണ് . യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ മാറിവരാം. എന്നാൽ അതിന്റെ പരിണിതിക്ക് സർവ്വവിനാശത്തിന്റെ മുഖം മാത്രമേയുള്ളൂ. യുദ്ധവുരുദ്ധ മനോഭാവം കുട്ടികളിൽ വളർത്താനും മാനവ സ്നഹത്തിന്റെ പൂങ്കാവനങ്ങൾ ഒരുക്കാനും ഈ യൂണിറ്റിലെ പാഠഭാഗങ്ങൾ അവസരം നൽകും.

പുനർവായനയിലേക്ക് -

മൃതിയുടെ വിഷപുഷ്പം വിടർന്നതിൽ
നിഴലിൽ നീ നാലെ മരവിക്കേ
ഉയിരറ്റ നിൻമുഖത്തെ ശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലൊരു - ഞാനും

( ഭൂമിക്ക് ൊരു ചരമഗീതം - ഒ.എൻ. വി.)

→ കവിത ചാർട്ടിൽ / B.B - യിൽ - അധ്യാപികയുടെ വലായന - കുട്ടികളുടെ വായന

→ ലഘു ചോദ്യങ്ങളിലൂടെ വിശകലനം.

- ? മതിയുടെ കറുത്ത വിഷപുഷ്പം ഏതാണ് ?
- ? ഇവിടെയവശേഷിക്കയില്ലൊരു - മീ ഞാനും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?
- ? സർവനാശത്തിന് കാരണമായി കവി കാണുന്നതംന്ത് ?

അശാന്തിപർവം എന്നയൂണിറ്റിലെ ആശയവുമായി കവിതയെ ചേർത്തി വെച്ച് ലഘുകുറിപ്പ് തയ്യാറാക്കുന്നു. (വ്യക്തിഗതം)

അവതരണം -

അവതരണത്തിൽ നിന്ന് യൂണിറ്റിലെ പ്രധാന ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- ▲ യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ പലതാണ്.
- ▲ യുദ്ധ പരിണിതി സർവ്വനാശമാണ്.
- ▲ യുദ്ധ ദുരിന്തങ്ങൾ വ്യക്തിപരവും സാമൂഹികവുമാണ്.
- ▲ നിസ്സഹായരായ മനുഷ്യർക്ക് ജീവനടക്കം സർവ്വവവും നഷ്ടപ്പെടുന്നു.
- ▲ ഭരണത്തിന്റെ വഴികളിൽ കാരുണ്യവും മനുഷ്യത്വവും വഴി മാറുന്നു.
- ▲ യുദ്ധത്തിൽ ആരും ജയിക്കുന്നില്ല.
- ▲ ഓരോ മനസ്സും യുദ്ധവുരുദ്ധമാവണം.
- ▲ യുദ്ധത്തിനു വേണ്ടി ചെലവഴിക്കുന്ന വിഭവങ്ങൾ മനുഷ്യനന്മയ്ക്കായാണ് ഉപയോഗിക്കേണ്ടത്.
- ▲ ഇനിയൊരു യുദ്ധം സമ്മാനിക്കുന്നത് മരവിച്ച ഭൂമിയെ ആണ്.

ക്രോഡീകരിച്ച ആശയങ്ങൾ കുട്ടികൾ കുറിച്ചെയുക്കുന്നു.

തുടർന്ന് ഗാന്ധാരി വിലാപത്തെ അടിസ്ഥാനമാക്കി വർക്ക് ഷീറ്റ് നൽകുന്നു.

- ▲ കാവ്യഭാഗം ആരുടെ ഏത് കൃതിയ്ൽ നിന്ന് എടുത്തതാണ് ?
- ▲ കാവ്യഭാഗത്തിന്റെ സന്ദർഭമേത് ?
- ▲ ആരുടെയെല്ലാം മരണമാണ് കാവ്യഭാഗത്ത് പരാമർശിക്കുന്നത് ?
- ▲ യുദ്ധതല്പരരായ മനസ്സുകളെ ഗാന്ധാരി വിമർശിക്കുന്ന കാവ്യ സന്ദർഭങ്ങൾ ഏതെല്ലാം ?
- ▲ കർണൻ, ദുര്യോധൻ എന്നിവരെ കുറിച്ചുള്ള വിലാപം യുദ്ധം വരുത്തുന്ന ശൂന്യതയെ എങ്ങനെയാണ് പ്രതിഫലിപ്പിക്കുന്നത് ?

▲ 'ഞങ്ങൾ കേഴുന്നതിൽ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ?

▲ ഗാന്ധാരിയുടേത് പക്ഷഭേദമില്ലാത്ത വിലാപമാണോ ?

▲ ശിവ ശിവ, അയ്യോ - ദൈവമേ തുടങ്ങിയ പദങ്ങൾ ഉണ്ടാക്കുന്ന ഭാവതലം എന്ത് ?

▲ കവിതയിലെ സാദൃശ്യകല്പനകളുടെ സവിശേഷതയെന്ത് ?

▲ പട്ട് എന്ന പദം രണ്ട് അർത്ഥത്തിൽ പ്രയോഗിക്കമ്പോൾ ശബ്ദഭംഗിക്ക് അപ്പുറം എന്ത് തോന്നലാണ് ഉണ്ടാക്കുന്നത് ?

▲ രണ്ട് പേരുള്ള ഗ്രൂപ്പിൽ വർക്ക്ഷിപ്പ് നൽകുന്നു. വർക്ക്ഷിറ്റുകൾ ചർച്ച ചെയ്ത് ഗ്രൂപ്പിൽ കുറിപ്പുകൾ - അവതരണം -

അധ്യാപികയുടെ ക്രോഡീകരണം.

തുടർന്ന് ഒ.എൻ. വിയുടെയും കുരിപ്പുഴ ശ്രീകുമാറിന്റേയും കാവ്യശകലങ്ങൾ നൽകുന്നു.

"പുത്രരെല്ലാം കൊന്ന കൊല്ലിച്ച
യുദ്ധത്തിന്റെ ദുഃഖസാക്ഷക്ഷിയായെന്നും
ഗാന്ധാരി കരയന്നു."

(എ.എൻ.വി. അശാന്തിപുരം)

"രാഷ്ട്രം കൊന്നുതന്ന മതനിലേക്ക്
പൊടുന്നനെയുള്ള
മഹാജലപാതം പോലെ
പെണ്ടമയുടെ നിലവിളി
നെറ്റിയും നെഞ്ചും തകർത്ത്
അനാഥത്വത്തിന്റെ വെള്ളിടി
ഇന്ത്യയിലായാലെന്ത് ?
ഇസ്ലാമാബാദിലായാലെന്ത് ? "

(കുരിപ്പുഴ ശ്രീകുമാർ)

കവിത- വായന- കുട്ടികളുടെ വായന

കവിതയിലെ പ്രധാന ആശയങ്ങൾ B.B യിൽ

★ യുദ്ധത്തിൽ ഇരകളായിത്തീരുന്ന മക്കൾ.

★ അനാഥ്വത്തിന്റെ നിഴലിൽ എരിഞ്ഞടങ്ങുന്ന ജന്മങ്ങൾ

★ യുദുരുതത്തിന്റെ കാണാകയങ്ങളിലകപ്പെട്ടുപോകുന്ന സ്ത്രീജന്മങ്ങൾ

★ ഈ നഷ്ടങ്ങൾക്ക് രാജ്യഭേദങ്ങളിലല്ല... അതിർത്തികളില്ല.

★ യുദ്ധം മനുഷ്യനെ ഒന്നാകെ ബാധിക്കുന്ന ദുരന്തമാണ്.

▲ 'ഗാന്ധാരിയുടെ വിലാപം ഇന്നും മുഴങ്ങുന്നു' കാവ്യശകലങ്ങളേയും ഗാന്ധാരി വിലാപം കാവ്യഭാഗത്തേയും അടിസ്ഥാനമാക്കി പ്രതികരിക്കുക.

സ്കോർ - 6

സമയം 14 മിനിട്ട്

സമയബന്ധിതമായി ഉത്തരെ തയ്യാറാക്കുന്നു

മൂല്യമിർണയ സൂചകങ്ങൾ ചർച്ചയിലുടെ തീരുമാനിക്കുന്നു.

പരസ്പരം മൂല്യനിർണ്ണയം നടത്തുന്നു.

സ്കോർ വിലയിരുത്തി അപാകതകൾ പരിഹരിക്കുന്നു.

★ കവിതയുടെ ആശയം മനസ്സിലാക്കിയിട്ടുണ്ട്.

★ ഗാന്ധാരി വിലാപം പ്രധാന ആശയങ്ങൾ നൽകിയിട്ടുണ്ട്.

★ യുദ്ധത്തിന്റെ എന്നത്തേയും ഭീഷണ മുഖം വ്യക്തമാക്കുന്നുണ്ട്

★ യുദ്ധ വിരുദ്ധ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

■ അർജ്ജുന വിഷാദയോഗത്തിലെ പ്രധാന സന്ദർഭങ്ങൾ എഴുതിയ സ്ലിപ് ഗ്രൂപ്പുകളിൽ നൽകുന്നു. 2/3 പേരുടെ ഗ്രൂപ്പ് സ്ലിപ്പ് ആവർത്തിച്ച് നൽകാം.

▲ ദുശ്ശളയുടെ വരവ് - അപേക്ഷ

▲ അർജ്ജുനന്റെ ഹൃദയത്തിലുണ്ടാകുന്ന ചിന്താവ്യഥകൾ

▲ അർജ്ജുനന്റെ വിഷാദസന്ദർഭത്തെ വ്യാസൻ സൂചിപ്പിച്ചത്

▲ ഗീതോപദേശങ്ങളുടെ പരാജസ്ഥാനം - ഗീതാകർത്താവിന്റെ വിജയസ്ഥാനം

▲ ഭാരതകഥയുടെ അവസാനത്തിന് വളർന്നു വരുന്ന അഗാധമായ വിഷാദം

▲ ഗാണ്ഡീവത്തിൻരെ നിഷ്ഫലത

▲ ഋഷിയുടെ വിഷാദം.

- സന്ദർഭങ്ങൾ കടന്നുവരുന്ന പാഠഭാഗങ്ങൾ കണ്ടെത്തുന്നു.
- പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി വർക്ക് ഷിറ്റിനുള്ള ചോദ്യങ്ങൾ കണ്ടെത്തുന്നു.
- ഓരോ ഗ്രൂപ്പും അവതരണം (ഃ ഗ്രൂപ്പ് ) മറ്റുള്ളവർ കൂട്ടിച്ചേർക്കുന്നു മെച്ചപ്പെടുത്തുന്നു.
- ചോദ്യങ്ങളിൽ നിന്ന് പൊതുവർക്ക്ഷീറ്റ് തയ്യാറാക്കുന്നു.

    ( പ്രസക്തമായ ബി.ബി. -യിൽ കുറിച്ചാൽ പൊതു വർക്കഷിറ്റായി)

- പൊതു വർക്ക ഷിറ്റ് വ്യക്തഗതമായി ഉത്തരം കണ്ടെത്തുന്നു.
- ആശയ ക്രോഡീകരണം.

■ കത്തുന്ന കണ്ണും വച്ചു
പീരങ്കി നിൽക്കും യുദ്ധ
കത്തിരിപ്പൂട്ടിൽ പച്ച
മനുഷ്യൻ ചതയുമ്പോൾ
എന്തുകൊണ്ടുയർന്നില്ല
നങ്ങളീ മീട്ടും വീണാ-
തന്ത്രിയിൽ സ്നേഹത്തിന്റെ
ഗാനവീചികളൊന്നും (നാഗസാക്കിയിലെ കുരിശ് - വയലാർ)

**?** ഗാന്ധാരി വിലാപം, അർജുനവിഷാദയോഗം. എന്നീ പാഠഭാഗങ്ങളെ അസ്പദമാക്കി വയലാറിന്റെ കാവ്യശകലങ്ങലെ ആസ്പദമാക്കി വയലാറിന്റെ കാവ്യസകലങ്ങത്തെ വിലയിരുത്തുക.

(ഗൃഹപാഠമാക്കി നൽകുന്നു)

മൂല്യനിർണ്ണയ സൂചകങ്ങൾ ക്ലാസ്സിൽ രൂപീകരിക്കുന്നു.

നേരെത്തേയുള്ള ഗ്രൂപ്പുകളിൽ കൈമാറി വിലയിരിത്തുന്നു.

- ഗാന്ധാരി വിലാപത്തിലൂടെ യുദ്ധത്തിന്റെ തീഷ്ണത അവതരിപ്പിച്ചിച്ചുണ്ട്.
- അർജ്ജുന വിഷാദയോഗത്തിലെ ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

    (ദുശ്ശളയുടെ അനാഥത്വം., ആയുധത്തിന്റെ നിഷ്ഫലത)

- കാവ്യശകലത്തെ വിശകലനം ചെയ്തിച്ചുണ്ട്.
- യുദ്ധത്തിന് പകരം വെക്കേണ്ടത് സ്നേഹമാണെന്ന ആശയം കണ്ടെത്തിയിട്ടുണ്ട്.

■ കഥാസന്ദർഭങ്ങൾ നൽകി സംഗ്രഹം തയ്യാറാക്കുന്നു.

- അധ്യാപിക മാതൃകയായി ഒരു കഥാസന്ദർഭത്തിന്റെ സംഗ്രഹം തയ്യാറാക്കുന്നു - അവതരിപ്പിക്കുന്നു.
- മറ്റ് കഥാസന്ദർഭങ്ങൾ കുട്ടികൾ നറുക്കിട്ട് എടുക്കുന്നു. ലഭ്യമായ കഥാ സന്ദർഭത്തിന്റെ സംഗ്രഹം തയ്യാറാക്കി അവതരിപ്പിക്കുന്നു. - വ്യക്തിഗതം.

**കഥാസന്ദർഭങ്ങൾ**

- ▲ പട്ടാളക്കാരനായ രാമൻനായരിൽ വന്ന മാറ്റങ്ങൾ
- ▲ ലീവ് അനുവദിച്ചപ്പോൾ രാമൻ നായരിലെ അനാഥന്റെ പ്രതികരണം.
- ▲ ജന്മനാട്ടിലേക്ക് എത്താനുള്ള രാമൻനായരുടെ തീരുമാനം
- ▲ സ്വന്തക്കാരെ കണ്ടെത്താനാവാതെ അയലഞ്ഞ രാമൻ നായർ
- ▲ രാമൻ നായരെ സ്വീകരിച്ചഗ്രാമം / വൃദ്ധ
- ▲ സനാഥനായ രാമൻ നായർ
- ▲ രാമൻനായരെയും നാണിയേയും വിവാഹദിവസത്തിൽ തന്നെ വേർപെടുത്തിയ യുദ്ധത്തിന്റെ അദൃശ്യസാന്നിദ്ധ്യം
- ▲ ആശകൾ നൽകിയ ജീവിതങ്ങളെ അനാഥമാക്കുന്ന യുദ്ധം.

വ്യക്തിഗത അവതാരങ്ങൾ

മെച്ചപ്പെടുത്തികൊണ്ടും ഓരോ സന്ദർഭത്തിന്റെയും വിശകലനം സാധിച്ചുകൊണ്ടും അധ്യാപിക ഇടപെടുന്നു.

■ ''അങ്ങനെ വിജയിച്ചരുളുന്ന അർജ്ജുനന്റെ അടുക്കലേയ്ക്കതാ
പെരുമുറ്റ കരഞ്ഞുകൊണ്ട് ഒരു സ്ത്രീ കടന്നു വരുന്നു.''

(അർജ്ജുന വിഷാദയോഗം)

''കണ്ടു കൂടായിനിക്കെന്നു ഗാന്ധാരിയും
മണ്ടനാൾ വീണാളുരുണ്ടാൽ തെരു തെരെ ''

(ഗാന്ധി വിലാപം)


''യുദ്ധത്തിന്റെ തീവ്രാനുഭവത്തെ മേൽകൊടുത്ത സന്ദർഭങ്ങളിൽ നിന്നും
വ്യത്യസ്തമായാണ് തകഴി 'പട്ടാളക്കാൻ' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് വിശദീകരിക്കുക ''

സ്കോർ - 6
സമയം 14 മിനിട്ട്

ഉത്തരത്തിൽ വരേണ്ട സൂചനകൾ ചർച്ച ചെയ്യുന്നു.

- ▲ തന്നിട്ടുള്ള ഭാഗത്തെ ആസ്പദമാക്കി ഗാന്ധാരിവിലാപത്തിലും അർജ്ജുനവിഷാദയോഗത്തിലും യുദ്ധത്തെ അവതരിപ്പിച്ചരീതി. 1
- ▲ സനാഥനായ രാമൻ നായർ. 1
- ▲ യുദ്ധം വേർപെടുത്തിയ ദാമ്പത്യം.1
- ▲ പട്ടാളത്തിലേക്ക് തിരികെ പോയ രാമൻ നായരെ പിൻതുടരാത്ത കഥാകൃത്ത്
- ▲ നാണിയുടെ കാത്തിരിപ്പിലൂടെ കഥ തുടരുന്നു. 1
- ▲ നാണിയുടെ അനാഥത്വത്തിലൂടെ കഥയുടെ പരിസമാപ്തി
- ▲ യുദ്ധകാര്യങ്ങൾ പറയാതെ ഊഹിക്കാൻ വിട്ടിരിക്കുന്നു.
- ▲ വെട്ടിയൊച്ചയും വിലാപവും ഇല്ലാതെ യുദ്ധത്തിന്റെ ഭീകരത ആവിഷ്കരിക്കുന്നു.
  - ഓരോ കുട്ടിയും എഴുതാൻ ഉപയോഗിച്ച സമയം കുറിക്കാൻ പറയണം.
  - സമയബന്ധിതമാക്കി എഴുതാൻ കഴിഞ്ഞോ എന്ന് പരിശോധിക്കണം
  - സൂചനകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ സ്വയം വിലയുരുത്തി സ്കോർ ചെയ്യുന്നു.

■ കഥാപാത്രത്തിന്റെ മനോപടം തയ്യാറാക്കുന്നു.



- രാമൻ നായരുടെ മനോപടം കുട്ടികളുമായുള്ള ചർച്ചയിൽ അധ്യാപിക രൂപപ്പെടുത്തുന്നു - ബി.ബി.
- നാണി, വൃദ്ധ എന്നീ കഥാപ്രത്രങ്ങളുടെ മനോപടം നിർമിക്കാൻ ഗ്രൂപ്പുകളിൽ നൽകുന്നു.
- മനോപടം അവതരണം -
- അധ്യാപിക . ബി.ബി യിൽ 1 ചാർട്ടിൽ രേഖപ്പെടുത്തുന്നു
- കുട്ടികൾ മൂന്ന് മനോപടങ്ങളും കുറിച്ചെടുക്കുന്നു.
- മനോപടങ്ങളുടെ അടിസ്ഥാനത്തിൽ കഥാപാത്ര നിരൂപണം തയ്യാറാക്കുന്നു.

കഥാപാത്രനിരൂപണത്തിന്റെ ഖണ്ഡികാരണം പരിചയപ്പെടുത്തുന്നു.

കഥ, കഥാപാത്രം പരിചയപ്പെടുത്തി ആമുഖം

കഥയുടെ സാരം (നാലോ അഞ്ചോ വരിയിൽ)

കഥയിൽ കഥാപാത്രം വഹിക്കുന്ന പങ്ക്

കഥാപാത്രസവിശേഷതകൾ - സവിശേഷ സന്ദർഭങ്ങളിലുടെ

കഥാപാത്രം കഥയിലൂടെ നൽകുന്ന സന്ദേശം / കഥാപാത്രത്തിന്റെ സമകാലിക പ്രസ്ക്തി.

ഗൃഹപാഠമായി നൽകുന്നു.

അടുത്ത ക്ലാസിൽ അവതരണം - മികച്ചതും ശരാശരിക്ക് താഴെയുള്ളതും അവതരിപ്പിക്കണം - പോരായ്മകൾ രേഖപ്പെടുത്തി മെച്ചപ്പെടുത്താൻ അവസരം നൽകണം.

## യൂണിറ്റ് – 4

ആമുഖം

ഭൗതിക നേട്ടങ്ങൾ മാത്രമായി ജീവിതവിജയത്തിന്റെ മാനദണ്ഡങ്ങൾ ചുരിങ്ങി പോകുന്നു. ഇത് തിരുത്തപ്പെടേണ്ട തുണ്ട്. ജീവിതത്തെ വർണാഭമാക്കുന്ന പലതും ഇതിനപ്പുറത്ത് ഉണ്ട്. ജീവിതത്തെ ആർക്കും ഒറ്റയ്ക്ക് തീർത്തുവെക്കാനാവില്ല. മനുഷ്യനടക്കമുള്ള സർവചരാചരങ്ങളുടെയും പാരസ്പര്യമാണ് നല്ല ജീവിതം. അത് മനുഷ്യനും പ്രകൃതിക്കും മറ്റ് ചരാചരങ്ങ ൾക്കും ഒരു പോലെ ഗുണകരമായിരിക്കും. കായയുടെ പേരിൽ മാത്രം പൂവിന് വിലകല്പിക്കുന്ന വർത്തമാന കാലത്തിൽ നിന്ന് വരും തലമുറയെ അടർത്തിയെടുക്കാൻ ഈ യൂണിലെ പാഠഭാഗങ്ങൾക്ക് കഴിയും.

പുനർവായനയിലേക്ക്-

പ്രഭാതത്തിന്റെ പുതിയ മുകം ചുവന്നപ്പോൾ
കായലിലെ ഓളങ്ങളുണർന്നപ്പോൾ
ഞാൻ വന്നു..... വയലാറിലേക്ക്-
നിന്നെ കാണാൻ .......
സർപ്പക്കാവുകളുടെ മമം മുറ്റി നിന്ന തളത്തിൽ
അമ്മ നമുക്ക് കഞ്ഞി വിളമ്പിത്തന്നു
ചൊരി മണൽത്തട്ടുകളിലൂടെ ഞാൻ നടന്നു.

(വയലാറിനെ കുറിച്ച് മലയാറ്റൂർ രാമകൃഷ്ണൻ)
എഴുതിയ കത്ത്

വരികൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

അധ്യാപികയുടെ വായന - കുട്ടികളുടെ വായന

? ഈ സൗഹൃദത്തിന്റെ സവിശേത എന്ത് ?

അധ്യാപികയുടെ നേതൃത്വത്തിൽ ചർച്ച - കുട്ടികൾ കുറിക്കുന്നു.

അവതരണം -

ക്രോഡികരണം - B.B യിൽ

- ▲ പ്രകൃതിയെ നെഞ്ചിലേറ്റിയ സൗഹൃദം
- ▲ സുഹൃത്തിന്റെ അമ്മയെ സ്വന്തം അമ്മയായി കണ്ട സൗഹൃദം
- ▲ സമൂഹത്തിനുവേണ്ടി, പതിതർക്കുവേണ്ടി വേദന അനുവഭിച്ച സൗഹൃദം.

വിണ്ട കാലടികളിലെ കവിയും ഭിഷഗ്വരനും തമ്മിലുള്ള സൗഹൃത്തെ നിങ്ങൾ എങ്ങനെ നോക്കികാണുന്നു.

കുട്ടികൾ കുറിക്കുന്ന - അവതരണം - അധ്യാപികയുടെ ക്രോഡീകരണം

- ✦ ജീവിതത്തിന്റെ വിരുദ്ധമായ തട്ടുകളിലാണ് കവിയും ഭിഷഗ്വരനും.
- ✦ കവിയുടെ ജീവിത വഴികളെക്കുറിച്ച് സുഹൃത്ത് അജ്ഞാതമാണ്.
- ✦ വിണ്ടകാലടികളെ അനാരോഗ്യത്തിന്റെ ലഭണമായി കാണുന്നു.
- ✦ ഭിഷഗ്വരൻ ചരിത്രം അറിയാത്തവനും അറിയാൻ ആഗ്രഹിക്കാത്തവനുമാണ്.
- ✦ കവിയുടെ ജീവിത ഗ്രന്ഥം വായിക്കാൻ ഭിഷഗ്വരൻ അംശക്തനാണ്.
- ✦ കവി ചരിത്രം എഴുതിയവനാണ്.
- ✦ പതിതർക്കുവേണ്ടി, സ്വാതന്ത്രത്തിനുവേണ്ടി പൊരുതിയവനാണ്.
- ✦ കൊടിയ മർദ്ദനവും ജയിൽ വാസവും ഒളിവു ജീവിതവും അനുഭവിച്ചവനാണ്.
- ✦ ആദർശ പൂർണമായ ജീവിതം നയിച്ചവനാണ്.
- ✦ കവിക്ക് വിണ്ട കാലടികൾ ശാശ്വത ആരോഗ്യം തരുന്ന ഉപ്പുനീരുറവകളാണ്.
- ✦ സൂഹൃത്തുക്കളുടേത് രണ്ട് സംസ്ക്കാരവും ജീവിത സമീപനവുമാണ്.

■ മലയാറ്റൂരിന്റെ വരികളിലെ സൗഹൃദവും വിണ്ടകാലടികളിലെ സൗഹൃദവും താരതമ്യം ചെയ്യുക.

സ്കോർ 4 - 9 മിനിട്ട്.

ഖണ്ഡികാകരണം -

▲ വിണ്ട കാലടികൾ എന്ന കവിതയിലെ ആശ്രയവും
മലയാറ്റൂരിന്റെ വരികളിലെ ആശയവും പരിചയപ്പെടുത്തുന്നു.

▲ വിണ്ടകാലടിയിലെ സൗഹൃദത്തിന്റെ വൈരുദ്ധ്യം വിശദമാക്കുന്നു.

▲ മലയാറ്റൂരിൻരെ വരികളിലെ സൗഹൃദത്തിന്റെ സവിശേഷത വ്യക്തമാക്കുന്നു - താരതമ്യം ചെയ്യുന്നു.

▲ സുഹൃദം നൽകുന്ന സന്ദേശം / കാഴ്ചപ്പാട്

വ്യക്തഗതമായി തയ്യാറാക്കുന്ന

ഉപയോഗിച്ച് സമയം കുറിക്കുന്നു.

സമയബന്ധിതമായി എഴുതാൻ കഴിഞ്ഞോ എന്ന് പരിശോധിക്കുന്നു.

ഖണ്ഡികാകരണത്തിലെ സൂചനകൾഅടിസ്ഥാനമാക്കി സ്വയം വിലയിരുത്തുന്നു.

വ്യത്യസ്തസ്കോറുകൾ ലഭിച്ചവർ അവതരിപ്പിക്കുന്നു.

അപാകതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ - മെച്ചപ്പെടുത്തിയെഴുതുന്നു.

■ ഉതുപ്പാന്റെ സവിശേഷതകൾ 12 ഗ്രൂപ്പിലായി നൽകുന്നു. പരമാവധി വസ്തുക്കൾ കഥയിൽ നിന്നും കണ്ടെത്തി ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു.

<u>**സവിശേഷതകൾ**</u>

▲ മറ്റുള്ളവരുടെ ദുഃഖങ്ങൾ സ്വന്തം അസ്ഥിയിലേക്ക് ഏറ്റുവാങ്ങിയവർ

▲ വർത്തമാനകാലത്താൽ തിരസ്കരിക്കപ്പെട്ടവൻ

▲ രക്ഷകന്റെ സാമീപ്യം

▲ മരണത്തിലും വിജയിച്ച ജീവിതം

- അവതരണവും കൂട്ടിച്ചേർക്കലുമായി എല്ലാഗ്രൂപ്പുകളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തണം
- ആവശ്യമായ കൂട്ടിച്ചേർക്കലുകൾ

■ ഭൂമിയുടെ നെടുനാളത്തെ നിലനില്പിനും മാനവികതയുടെ പൂർണതക്കും വേണ്ടിതിയുള്ള പാഠപുസ്തമാണ് ഉതുപ്പാന്റെ ജീവിതം കഥാപാത്രത്തിന്റെ സവിശേഷതകളുമായി ബന്ധപ്പെടുത്തി പ്രസ്താവന വിലയിരിത്തുക.

സ്കോർ 4

സമയം 9 മിനിട്ട്

സൂചകങ്ങൾ ചർച്ച

- കഥാപാത്രത്തെ പരിചയപ്പെടുത്തുന്നു 1
- പ്രസ്താവനയെ വിശകലനം ചെയ്യുന്നു. 1
- വിശകലനവുമായി ഉതുപ്പിന്റെ സവിശേഷതകഷതകളെ ബന്ധപ്പെടുത്തുന്നു.

സൂചകൾ അടിസ്ഥാനമാക്കി മൂല്യനിർണയം - പരസ്പരം- സ്കോർ - വ്യത്യസ്തസ്കോറുകൾ ഉള്ളവരുടെ അവതരണം - നിർദ്ദേശങ്ങൾ - മെച്ചപ്പെടുത്തലുകൾ.

■ കക്കാടിന്റെ മോഷ്ടിച്ചെടുത്തരാത്രി എന്ന കവിതയിലെ വരികൾ പ്രദർശിപ്പിക്കുന്നു-
അധ്യാപികയുടെ വായന / കുട്ടികളുടെ വായന.

ഇലമ്പും പകൽച്ചൂടും പൊടിയും ദാഹങ്ങളു
മിര വേട്ടയും ക്രൗര്യങ്ങളുമൊഴിഞ്ഞും
ഒളിഞ്ഞും പതുങ്ങിയും
നഗരം കടന്നേൻ ഞാൻ
താന്തനായ്, നിഷ്ചിന്തനായ്
നഗര പ്രാന്തത്തിലെ
ചെമ്മൻ പാതയിലിറങ്ങി ഞാൻ
( ഭാഗ്യമാരുമേ പിൻതുടരുന്നീലിപ്പോലെന്നെ)

ലഘുചർച്ചക്കുശേഷം വർക്ക്ഷീറ്റ് നൽകുന്നു.

- ? നഗരത്തിന്റെ രൗദ്രത എത്രമാത്രം ഈ വരിയിൽ അനുഭവപ്പെടുന്നത് ?
- ? നഗരത്തിൽ നിന്ന് രക്ഷപ്പെടുന്നത് എങ്ങനെ ?
- ? ഭാഗ്യം എന്ന കവി പറയാൻ കാരണമെന്ത് ?
- ? ഉതുപ്പാനെ എങ്ങനെയാണ് നഗരം വേട്ടയാടിത് ?
- ? ഈ വേട്ട നഗരത്തിന്റെ സ്വഭാവമായി എങ്ങനെയെല്ലാം ബന്ധപ്പെട്ട് കിടക്കുന്നത് ?
- ? ഉതുപ്പാന്റെ മരണത്തിന് നഗരം ഉത്തരവാദിയാണോ ?
- ? അടുത്തൂണിലെ കവിയുടെ നഗരമനസ്സിനെ എങ്ങനെ വിലയിരുത്തുന്നു ?
- ? കവിയുടെ ഗ്രാമമനസ്സ് ചോദ്യം ചെയ്യലിൽ നിന്ന് രക്ഷപ്പെടുന്നത് എങ്ങനെ ?
- ? മോഷ്ടിച്ചെടുത്തരാത്രിയിലെ കവിയെ നഗരം പിന്തുടർന്നില്ല അടുത്തൂന്നിലെ കവിയെ നഗരം പിന്തുടർന്നു ഈ പ്രസ്താവനയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത് ?

ചെറിയ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരണം-

ആവശ്യമായ തിരുത്തലുകൾ - ക്രോഡീകരണം.

■ കാട്ടുപൊന്തകളുടെ ശ്യാമച്ഛയായും
കുളത്തിലെ
സ്വച്ഛമാം ജലത്തിന്റെ കുളിരും
ഞാനീശുദ്ധിയിൽ മുഴുകട്ടെ
........................................
ഇതല്ലെങ്കിൽ സ്വർഗമെന്തിനിവേറെ

(മോഷ്ടിച്ചെടുത്ത രാത്രി)

'വീണ്ടെടുക്കെൻ ചുടുരക്തമേതിന്മ-
തീണ്ടാത്ത വിങ്ങാത്ത നാട്ടിൻ പുറത്തെ'

കരിപ്പുഴ ശ്രീകുമാർ

( വീണ്ടോടുക്കേണ്ടും കാലം)

കാവ്യഭാഗത്തെ വരികളെ ആശയവും അടുത്തൂൺ കവിതയേയും
ആസ്പദമാക്കി 'ഗ്രാമത്തിന്റെ സ്വാസ്ഥ്യം' വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

സ്കോർ - 4
സമയം 9 മിനിട്ട്

പ്രഭാഷണത്തിന്റെ പ്രക്രിയാഘട്ടങ്ങൾ ചർച്ചചെയ്യുന്നു.

- ✦ സംബോധന - ഉപക്രമം
- ✦ രണ്ട് കവിതകളിലെയും ഗ്രാമസ്വാസ്ഥത്തെക്കുറിച്ചുള്ള സൂചനകൾ
- ✦ നഗരത്തിന്റെ ക്രൗര്യങ്ങൾ
- ✦ ഗ്രാമനന്മകൾ നിലനിർത്തണമെന്ന കാഴ്ചപ്പാട്

സമയബന്ധിതമായി എഴുതാൻ കഴിഞ്ഞു എന്ന് ഉറപ്പ് വരുത്തുന്നു.

പ്രക്രിയാഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ മൂല്യനിർണയം - അവതരണം.

അധ്യാപികയുടെ നിർദ്ദേശങ്ങൾ - മെച്ചപ്പെടുത്തി എഴുതുന്നു.

■ പുനലൂർ ബാലന്റെ 'ഇരുട്ടിൽപ്പൊതിഞ്ഞ തിരിനാളം' എന്ന കവിതയിലെ കുറച്ച് വരികൾ നൽകുന്നു.

"എല്ലാം നശിച്ചുപോയിട്ടില്ല പോകില്ല
വല്ലതും ശേഷിക്കുമെന്നു വിചാരിക്കാതെ
എന്തെന്തിതെൻ കരളിലാനന്ദവും

മിഴിയിൽ വിശ്വാസവും പുതിയ ഭാവിയുടെ

തെളിവാർന്ന ജൈവ പ്രഭാവവും''

- അധ്യാപികയുടെ വായന - കുട്ടികളുടെ വായന

? കവിതയുടെ പേരുപോലെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ വരികളിൽ പ്രതിഫലിപ്പിക്കുന്നുണ്ടോ ? -

? കടലിന്റെ വക്കത്ത് ഒരു വീട് എന്ന കഥയിൽ സംഗീതത്തെക്കുറിച്ചുള്ള സംസാരം ദുരുതപ്പൂർണ്ണമായ ജീവിതാവസ്ഥയെ അനുഗ്രഹമായിക്കാണാനും പ്രതീക്ഷയുടെ പൂക്കളമായി മാറാനും കഥാനായികയെ സഹായിക്കുന്നുണ്ടോ ?

? കടലിൻരെ പാട്ടുകേട്ട് നക്ഷത്രങ്ങളും നോട്ടിക്കൊണ്ട് മലർന്നു കിടക്കാനുള്ള അവസ്ഥയെ മഹാഭാഗ്യമായി കാണാൻ കഥാനായിക തയ്യാറാവുന്നുണ്ടോ ?

ലഘു ചർച്ച - ശേഷം വർക്ക്ഷീറ്റ് ഗ്രൂപ്പിൽ നൽകുന്നു.

**<u>വർക്ക്ഷീറ്റ്</u>**

- 'ഇരുളിൽ പൊതിഞ്ഞ തിരിനാളം' പേര് നൽകുന്ന അർത്ഥതലങ്ങൾ
- പുതിയ ഭാവിയുടെ ജൈവപ്രഭാവം.
- 'കരളിൽ ആനന്ദവും മിഴിയിൽ വിശ്വാസവും' നൽകുന്ന സൂചനകൾ
- കഥാനായികയുടെ ജീവിത സാഹചര്യം
- ജീവിതത്തെക്കുറിച്ചുള്ള യുവാവിന്റെ സമീപനം.
- പ്രസാദാത്മകതയുടെ പ്രതീക്ഷയുടെ തിരിനാളം ഉയർതതാൻ പ്രാപ്തയാകുന്ന കഥാനായിക.

വർക്ക്ഷീറ്റിലെ തലക്കെട്ടുകളിൽ ലഘൂകരിച്ചുണ്ടാക്കുന്നു.

അവതരണം. കൂട്ടിച്ചേർക്കലുകൾ

■ കവിതയിലെ ആശയതലത്തെ കൂടി ഉൾക്കൊണ്ട് 'കടലിന്റെ വക്കത്ത് ഒരു വീട് 'എന്ന കഥക്ക് ആസ്വാദനം തയ്യാറാക്കുക.

സ്കോർ - 6

സമയം 14 മിനിട്ട്

ആസ്വാഗനത്തിന്റെ പ്രക്രിയാഘട്ടങ്ങൾ ചർച്ച ചെയ്യുന്നു.

→ കഥാകാരിയെ, കഥയെ പരിചയപ്പെടുത്തുന്നു.

→ കഥയുടെ ചുരുക്കം.

→ കഥാപാത്രങ്ങൾ - സവിശേഷതകൾ

→ ആഖ്യാന സവിശേഷതകൾ

→ കഥ നൽകുന്ന സന്ദേശം / സമകാലിക പ്രസക്തി / കാഴ്ചപാട്.

ഗൃഹപാഠമായി നൽകുന്നു-

- പ്രക്രയഘട്ടമനുസരിച്ച്

മൂല്യനിർണയം - വ്യത്യസ്ത സ്കോറുകൾ ലഭിച്ചവരുടെ

അവതരണം - നിർദ്ദേശങ്ങളോടെ മെച്ചപ്പെടുത്തൽ.

## യൂണിറ്റ് – 5

## ദേശപ്പെരുമ

**ആമുഖം**

‘അകലെയാണെങ്കിമെന്നന്തരംഗമെത്തി

നകലാനൊരിക്കലും വയ്യാത്ത ദേശമേ’

കവി മുട്ടാർ സോമന്റെ വരികൾ ചൊല്ലികൊണ്ട് പ്രവേശിക്കേണ്ട യൂണിറ്റാണ് ദേശപ്പെരുമ. ദേശം ഒരു വികാരമായി, കരുത്തായി ജീവിതത്തിന്റെ ഉപ്പും വേരുമായിത്തീർന്ന അനുഭവങ്ങൾ. ജനിച്ചുവളർന്ന നാട് ഒരു വ്യക്തിയുടെ സ്വത്വമാണ്. കുട്ടികൾ തന്റെ ദേശത്തേയും ദേശപ്പെരുമകളേയും ശ്രദ്ധിക്കാനും സൂക്ഷ്മതലത്തിൽ സ്പർശിക്കാനും ഈ യൂണിറ്റിലെ ക്ലാസ്റും അനുഭവങ്ങൾ സഹായിച്ചിട്ടുണ്ടാവും.

പുനർവായനിലേക്ക് -

വടക്കൻ പാട്ടിലെ കുറിച്ച് വരികൾ പരിചയപ്പെടുത്തടുന്നു.

പുത്തൻ ആരോമൽ ചേകവരും
നേരമൊരേഴ രാവുള്ളപ്പോൾ
കുളിയും കുറിയും കഴിച്ചുചേകോൻ
തേവാര പൂജ ഉടൻ കഴിച്ചു.

പൂത്തരം പാടം ഇടകടന്നു
തറയിട്ട മാവും പുളി കടന്നു
വയൽ ചൂളളിയനെന്ന തോട്ടരികെ
എകർന്ന വരമ്പോടെ പുഞ്ചപ്പാടേ
താണവഴി നോക്കി പോണവരും.

വടക്കൻ പാട്ടിലെപോലെ യാത്രയ്ക്കുള്ള ഒരുക്കവും വഴിയാത്രയും തട്ടകം നോവലിലെ അനുഭാവമാണ്. സമാന അനുഭവം തരുന്ന നോവൽ ഭാഗങ്ങൾ കണ്ടൊത്താൻ കുട്ടികളോട് ആവശ്യപ്പെടുന്നു - വ്യക്തഗതമായി കണ്ടെത്തി അവതരിപ്പിക്കുന്നു.

■ അവതരിപ്പിച്ച ഭാഗത്തെ ആഖ്യാനശൈലിയും ഭാഷാസവിശേഷതയും ശ്രദ്ധിച്ചല്ലോ. ഇതിന്റെ അടിസ്ഥാനത്തിൽ നോവിലെ ഭാഷാപരവും ആഖ്യാനപരവുമായ സവിശേഷതകൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കട്ടെ-

അവതരണം - ക്രോഡീകരണം.

അധ്യാപികയുടെ ക്രോഡീകരണം.

1. **വടക്കൻ പാട്ടിന്റെ സ്വാധീന മേഖലകൾ**

- ▲ താളാത്മകമായ ഗദ്യം ആഖ്യാനത്തിന് ഉപയോഗിക്കുന്നു. ഇത് നാടോടി ജീവിതാനുഭവത്തോട് ദൃഢമായി ഇഴുകിച്ചേരുന്നു.
- ▲ ചൊൽവടിവ് - ഇതു വഴി ഗദ്യത്തിന് വശ്യവും ഭാവ നിബിഡവുമായ താളം സൂക്ഷിക്കാൻ കഴിഞ്ഞു.
- ▲ പദങ്ങളുടെ ആവർത്തനവും പ്രാസദീക്ഷയും
- ▲ ഇഷ്ട ദേവതാ വന്ദനവും ഗുരുസ്മരണയും.
- ▲ വരാനിരിക്കുന്ന സംഭവങ്ങളുടെ സൂചനകൾ നൽകുന്നത്.

**2. നാടൻ ചൊല്ലുകളുടെ സമൃദ്ധി**

- ▲ പൊതുവായ ചൊല്ലുകൾ
- ▲ ദേശച്ചൊല്ലുകൾ
- ▲ സ്വയം നിർമ്മിച്ചെടുത്തവ

3. സംസ്കൃത പദങ്ങളെ പരമാവധി കുറച്ച് ഭാഷാപ്രയോഗത്തിലെ ദ്രാവിഡ സമീപനം
4. അനുഷ്ഠാനത്തിന്റെ അംശങ്ങൾ കലർന്ന ഭാഷ
5. വാക്യങ്ങളെ നാടകീയമായി മുറിച്ച് ധന്യാത്മകമാക്കുന്ന രീതി
6. കവിയോട് അടുത്തു നിൽക്കുന്ന വ്യാഖ്യാനം
7.പഴയ ആധാര ഭാഷ.

ക്രോഡീകരിച്ച ആശയങ്ങളെ സംബന്ധിച്ചുള്ള അവതരണവും അനുസ്യൂതമായ

പാഠ ഭാഗങ്ങളിലൂടെയുള്ള വിശദീകരണവും അധ്യാപിക നിർഹവഹിക്കണം.

■ പരുക്കൻ ജീവിതത്തിന്റെ സത്യസന്ധമായ ആവിഷ്കരിച്ച നോവലാണ് കോവിലന്റെ തട്ടകം. ഇതിന് നോവലിലെ ഭാഷയും ആഖ്യാനശൈലിയും എത്ര മാത്രം അനുയോജ്യമാണ് - വിലയിരുത്തുക.

സ്കോർ - 6

സമയം - 14 മിനിട്ട്

വ്യക്തിഗതമായി കുറിക്കുന്നു.

ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു.

ഗ്രൂപ്പുകൾ കൈമാറി മൂല്യനിർണയം

ചില അവതരണങ്ങൾ - അധ്യാപികയുടെ നിർദ്ദേശങ്ങൾ

മെച്ചപ്പെടുത്തൽ.

<u>പ്രക്രിയാഘട്ടങ്ങൾ</u>

- നോവലിനേയും നോവലിസ്റ്റിനേയും പരിചയപ്പെടുത്തുന്നു.
- നോവലിലെ ഇതിവൃത്തം സൂചിപ്പിക്കുന്നു.
- പരുക്കൻ ജീവിതത്തിന്റെ സത്യസന്ധമായ ആവിഷ്ക്കരണമാണെന്ന് നോവൽ ഭാഗങ്ങൾ ഉദ്ധരിച്ച് സ്ഥാപിച്ചിച്ചുണ്ട്.
- ഭാഷാപരവും ആഖ്യാനപരവുമായ സവിശേഷതകൾ എടുത്തു പറഞ്ഞിട്ടുണ്ട്.
- ഇത് ഇതി വൃത്തത്തിന് അനുയോജ്യമാണെന്ന് സ്ഥാപിച്ചിട്ടുണ്ട്.

■ തട്ടകത്തിന്റെ സവിശേഷതുമായി ബന്ധപ്പെട്ട് ലഘുകുറിപ്പുകൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി വികസിപ്പിക്കുന്നു.

**കുറിപ്പുകൾ**

1. വ്യവസ്ഥാപിത ചരിത്രത്തേക്കാൾ നാടോടി വിശ്വാസത്തിന് പ്രാധാന്യം കല്പിക്കുന്നു. അവയ്ക്ക് മിത്തിക്കൽ പരിവേഷം നൽകുന്നു. അതുകൊണ്ട് നാടോടി അംശങ്ങൾ കൊണ്ട് സമൃദ്ധമാണ് തട്ടകം.
2. ഉണ്ണീരി എന്ന സാധാരണ ഈഴവ പുരുഷനിൽ നിന്ന് ഉണ്ണീരിമുത്തപ്പൻ എന്ന ആരാധന മൂർത്തിയിലേയ്ക്കുള്ള പരിണാമത്തിന്റെ സൂചനകൾ പാഠഭാഗത്തുണ്ട്.
3. പുരാവൃത്തത്തിന്റെ  അന്തരീക്ഷം തട്ടകത്തിന്റെ സവിശേഷതയാണ്. കുന്നുവാങ്ങാൻ വാണിയം കുളത്തേക്ക് പോയി മുപ്പിലിശ്ശേരിയുടെ പരദേവതയേയും കൊണ്ട് ഉണ്ണി തിരിച്ചെത്തുന്നു.
4. പ്രകൃതി പ്രതിഭാസങ്ങൾക്ക് പങ്ക് തട്ടകത്തിലെ ശ്രദ്ധേയമായ ഘടകമാണ്. ദൈവികമായ പുരാവൃത്തങ്ങളും, ചരിത്രപരമായ കെട്ടുകഥകളും നാടോടി കഥകളും ഇതിന്റെ ഭാഗമാണ്.
5. കാർഷിക ബിംബങ്ങൾ തട്ടകത്തിൻരെ സവിശേഷതയാണ് പ്രകൃതിയും മനുഷ്യനും ദൈവവും ആയുള്ള പാരസ്പര്യത്തിന്റെ മനോഹാരിത തട്ടകത്തിലൂടെ അനുഭവിക്കാം.

- ലഘികുറിപ്പുകൾ ഗ്രൂപ്പിൽ നൽകി വികസിപ്പിക്കുന്നു.

അവതരണം

അധ്യാപിക ഇടപ്പെട്ട് ആവശ്യമായ കൂട്ടിച്ചേർത്തലുകൾ നടത്തണം.

■ കണ്ണുകൾ നിറയെ കാണുക നീ
ഉള്ളു തുറന്നു നിറക്കുക നീ

(അക്ഷരമാല - കടമ്മിനിട്ട)

വരികൾ നൽകുന്നു - വായിക്കുന്നു - അധ്യാപികയുടെ വിശകലനത്തിലേക്ക് ദേശത്തെ ഉള്ളു തുറന്നു നിറയ്ക്കാൻ ശ്രമിക്കുന്ന രചനകളാണല്ലോ പൊന്നാനിയും, കടമനിട്ടയും, ഉരുളികുന്നത്തെ ലുത്തീനയും. ''സ്വന്തം  അവബോധത്തെ കേന്ദ്ര സ്ഥാനത്തു നിർത്തി എല്ലാം അനുഭവിച്ച് അനുഭവിച്ച് ദേശവും താനും തമ്മിലുള്ള അതിർ വരമ്പുകൾ തച്ചിത്തെറിപ്പിച്ച് കളയുകയും എല്ലാം കൂടി ഒരുമിത്തിക്കൽ ലാളിത്യമായി അതിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു. ദുസ്സഹമായ അകൽച്ചയുടെ മൂകതയിൽ നിന്ന് മനുഷ്യന് രക്ഷിക്കുന്നത് മനുഷ്യമനസ്സിലുള്ള ദേശസ്നേഹമാണ് ''. എന്ന് നരേന്ദ്രപ്രസാദ് പറയുന്നുണ്ട്. ദേശം

ഒരു വികാരമാണെങ്കിലും അതിന്റെ ആവിഷ്കരണ രീതികൾ വ്യത്യസ്തമാണ്.

■ പൊന്നാനി, കടമനിട്ട, ഉരുളികുന്നത്തെ ലുത്തീനിയ എന്നീ പാഠഭാഗങ്ങളിലെ ഈ ആവിഷ്കാര വൈവിധ്യം കണ്ടെത്താം.

- കുട്ടികളുടെ 12 ട്രൂപ്പുകളാക്കുന്നു. വിലയിരുത്തൽ കുറിപ്പുകൾ തയ്യാറാക്കുന്നു.
- ഓരോ ഗ്രൂപ്പിനും ഒരു പ്രസ്താവന കുറിപ്പായി നൽകുന്നു.
- ഒരു പ്രസ്താവന നാല് ഗ്രൂപ്പിന് ലഭിക്കും.
- ഒരു പ്രസ്താവനയെ കുറിച്ച് നാല് അവസരങ്ങൾ ഉണ്ടാകും.

**പ്രസ്താവനകൾ**

1. വരയിലൂടെയും വരിയിലൂടെയും നടത്തിയ ദേശാവിഷാകാരമാണ് പൊന്നാനി. ചരിത്രവും സംസ്ക്കാരവും ദേശപ്പെരുമകളും ഇഴ ചേർന്ന അനുഭൂതിയായി പൊന്നാനി മാറുന്നു.
2. കടമനിട്ട എന്ന സ്ഥലത്തു കൂടി രാവിലെ മുതൽ വൈകുന്നേരം വരെ കണ്ണ് തുറന്നുവച്ച് സഞ്ചരിക്കുന്ന മനുഷ്യൻ ബാഹാനുഭവങ്ങളിലൂടെ സ്വന്തം അസ്തിത്വ സത്യങ്ങളിൽ എത്തിച്ചേരുന്ന കവിതയാണ് കടമനിട്ട.
3. തന്റേതായതെല്ലാം തനിക്ക് നൽകിയത് തന്റെ ദേശമാണെന്ന തിരിച്ചറിവാണ് ഉരുളികുന്നത്തെ ലുത്തീനിയയിൽ.

ദേശാവിഷ്കാരത്തിലെ വൈവിധ്യങ്ങൾ കണ്ടത്തുന്നു. വിലയിരുത്തൽ കുറിപ്പുകൾ ഗ്രൂപ്പുകൾ പരസ്പരം കൈമാറുന്നു. നോട്ടുപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ.

# വാക്കാം വർണക്കുട ചൂടി

മാതൃഭാഷയുടെ പ്രാധാന്യവുമായി ബന്ധപ്പെട്ട എന്റെ ഭാഷ, സൗന്ദര്യപൂജ, മലയാളം എന്നീ കവിതകളും വാക്കിന്റെ കൂടെരിയുന്നു എന്ന ലേഖനവുമാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.മാതൃഭാഷ ഒരു വ്യക്തിയുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ആഴത്തിൽ സ്വാധീനിക്കുന്നു. ശാരീരികവും മാനസികവുമായ വളർച്ച, വിദ്യാഭ്യാസം,മാനവികമൂല്യങ്ങൾ, മനോഭാവങ്ങൾ, സൗന്ദര്യബോധം, പ്രകൃതിബോധം,സംസ്കാരം തുടങ്ങി എല്ലാ തലങ്ങളിലും മാതൃഭാഷാസ്വാധീനം വലുതാണ്. വിവിധ തലങ്ങളിലുള്ള ഈ സ്വാധീനമാണ് പാഠഭാഗങ്ങൾ ചർച്ച ചെയ്യുന്നത്. മേൽ സൂചിപ്പിച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പാഠഭാഗങ്ങൾ വിശകലനം ചെയ്ത് താഴെ നല്കിയിരിക്കുന്നവയ്ക്കുള്ള സൂചനകൾ-തെളിവുകൾ കണ്ടെത്തുക.

1) ശാരീരികവും മാനസികവുമായ വളർച്ചയെ മാതൃഭാഷ സ്വാധീനിക്കുന്നു.

2) മാതൃഭാഷയിലുള്ള വിദ്യാഭ്യാസം വസ്തുതകൾ എളുപ്പത്തിലും ആഴത്തിലും മനസ്സിലാക്കാനും അവതരിപ്പിക്കാനും വ്യക്തിയെ സഹായിക്കുന്നു.

3) മാനവികമൂല്യങ്ങൾ രൂപപ്പെടുത്തുന്നതിലും വളർത്തുന്നതിലും മാതൃഭാഷയ്ക്ക് വളരെയധികം സ്വാധീനമുണ്ട്.

4) വ്യക്തിയുടെ മനോഭാവങ്ങൾ രൂപീകരിക്കുന്നതിൽ മാതൃഭാഷയുടെ സ്വാധീനം വളരെ വലുതാണ്.

5) വ്യക്തിയുടെ സൗന്ദര്യബോധം -വ്യക്തി,പ്രകൃതി, ആശയം,സാഹിത്യം....- നിശ്ചയിക്കുന്നതിൽ മാതൃഭാഷയുടെ പങ്ക് വളരെ കൂടുതലാണ്.

6) ഒരു വ്യക്തിയുടെ സംസ്കാരം രൂപപ്പെടുത്തുന്നതും വളർത്തുന്നതും മാതൃഭാഷ നല്കുന്ന അനുഭവങ്ങൾതന്നെയാണ്.

7) പ്രതികരണവും പ്രതിരോധവും വളർത്തുന്നതിനുള്ള ശക്തമായ ആയുധമാണ് മാതൃഭാഷ.

കണ്ടെത്തിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി 'മാതൃഭാഷ അന്യമാകുമ്പോൾ' എന്ന വിഷയത്തെക്കുറിച്ച് മുഖപ്രസംഗം തയ്യാറാക്കുക

**സമയം-90 മിനിട്ട്**
**പ്രവർത്തനരീതി**

മാതൃഭാഷ എന്ന പദം അധ്യാപിക ബോർഡിലെഴുതുന്നു. മാതൃഭാഷ ഒരു വ്യക്തിയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു? ചോദ്യം ഉന്നയിക്കുന്നു. കുട്ടികൾ നിർദേശിക്കുന്ന വസ്തുതകളിൽ പ്രധാനപ്പെട്ടവ അധ്യാപിക ബോർഡിലെഴുതുന്നു( പദസൂര്യനായി) പ്രവർത്തനപത്രികയിൽ ആമുഖമായി നല്കിയ ആശയങ്ങൾകൂടി ഉൾപ്പെടുത്തി പൊതുവായി ക്രോഡീകരിക്കുന്നു. 10 മിനിട്ട്

തുടർന്ന് പ്രവർത്തനപത്രിക വ്യക്തിഗതമായോ ചെറുസംഘങ്ങളിലോ നൽകുന്നു. ഓരോ ആശയത്തിനും രണ്ടു സംഘങ്ങൾവീതം വരുന്ന തരത്തിൽ കുട്ടികളെ തരംതിരിക്കുന്നു. കുട്ടികൾ ആശയങ്ങൾക്കനുയോജ്യമായ തെളിവുകൾ പാഠഭാഗങ്ങളിൽനിന്നു കണ്ടെത്തുന്നു( വരികൾ, വാക്യങ്ങൾ, സന്ദർഭങ്ങൾ) ഓരോ ആശയവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ വസ്തുതകൾ ലഘുകുറിപ്പുകളായി തയ്യാറാക്കുന്നു. 25 മിനിട്ട്

ഒരു സംഘം അവതരിപ്പിക്കുന്നു. അതേ ആശയം ലഭിച്ച മറ്റേ സംഘം മെച്ചപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നു. പ്രസക്തഭാഗങ്ങൾ അധ്യാപിക ബോർഡിലെഴുതുന്നു. എല്ലാം അവതരിപ്പിച്ചതിനു ശേഷം അധ്യാപികയോ ഒരു കുട്ടിയോ പൊതുവായി ക്രോഡീകരിക്കുന്നു. 20 മിനിട്ട്

തുടർന്ന് വ്യക്തിഗതമായി മുഖപ്രസംഗം തയ്യാറാക്കുന്നു. 5 മിനിട്ട്

മുഖപ്രസംഗം ഗൃഹപാഠമായി പൂർത്തീകരിക്കുന്നു.

തയ്യാറാക്കിയ ഗൃഹപാഠം അടുത്ത ദിവസം രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. തുടർന്ന് ഓരോരുത്തരും രചനകൾ സ്വയം മെച്ചപ്പെടുത്തുന്നു. 20 മിനിട്ട്

സൂചകങ്ങൾ
- മാതൃഭാഷയുടെ പ്രാധാന്യം ഗ്രഹിച്ചിട്ടുണ്ട്.
-ആശയങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്.
- സ്വന്തം നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്.
-മുഖപ്രസംഗത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്
  ( തലക്കെട്ട്, ഖണ്ഡികാകരണം, വിഷയത്തിനനുയോജ്യമായ ഉപസംഹാരം)
- മുഖപ്രസംഗത്തിന് അനുയോജ്യമായ ഭാഷ.

(പ്രവർത്തനപത്രികയുടെ ചർച്ചയിൽ തയ്യാറാക്കിയ കുറിപ്പുകൾ ഖണ്ഡികാകരണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.) 10 മിനിട്ട്

## പ്രവർത്തനപത്രിക-2

കവിതയെ ആസ്വാദ്യകരമാക്കുന്നതിൽ അതിലെ സാദൃശ്യകല്പനകൾ(അലങ്കാരങ്ങൾ) വാങ്മയചിത്രങ്ങൾ, ധ്വനി, പ്രാസം, പദപ്രയോഗങ്ങൾ എന്നിവയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. അവ കണ്ടെത്തുന്നത് കവിതാസ്വാദനത്തെ മെച്ചപ്പെടുത്തും.

താഴെ തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്ത് പ്രത്യേകതകൾ കണ്ടെത്തുക.

1 കുളിച്ചു പൂപൊലിപ്പാട്ടിൽ
വിളിച്ചു മലനാടിനെ;
ഒളിച്ചു പൂക്കളം തീർത്തു
കളിച്ച പുലർവേളകൾ

2 കണ്ണീരണിഞ്ഞു കുഗ്രാമ-
ലക്ഷ്മി നോക്കിയിരിക്കവേ,
കേവഞ്ചി കേറിപ്പോയോണ-
വെണ്ണിലാവണി രാവുകൾ

3 കുളുർക്കെയവൾ നോക്കുമ്പോൾ
പൂത്തൂ വിൺപിച്ചകച്ചെടി
അവൾ നീരാടവേ നീല-
ദർപ്പണം പാഴ്ച്ചളിക്കുളം!

4 കാവിമണ്ണിഴുകും കൊമ്പു-
കുലുക്കിത്താടയാട്ടിയും
കുതിച്ചുപാഞ്ഞു ചിങ്ങപ്പൂ-
ത്തേരിൽ പൂട്ടിയ കാളകൾ.

കണ്ടെത്തലുകൾ ഉൾപ്പെടുത്തി കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**സമയം-75 മിനിട്ട്**

**പ്രവർത്തനരീതി**

സത്യപ്രകൃതിദീപത്തിൽ-
കത്തും പൊൻതിരിപോലവേ,
അരിവാളേന്തി നിൽക്കുന്നൂ
കന്നി-കർഷകകന്യക.

വരികളെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.
അധ്യാപികയും കുട്ടികളും ചേർന്നു ചൊല്ലുന്നു.
വരികളിലെ പ്രത്യകതകൾ എന്തെല്ലാം?
ചോദ്യമുന്നയിക്കുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ ബോർഡിലെഴുതുന്നു.
വരികളിലെ സാദൃശ്യകല്പനകൾ, അക്ഷരാവർത്തനം, പ്രാസഭംഗി, വാങ്മയചിത്രം തുടങ്ങിയവയിലൂന്നി ക്രോഡീകരിക്കുന്നു. 15 മിനിട്ട്

തുടർന്ന് പ്രവർത്തനപത്രിക വ്യക്തിഗതമായോ ചെറുസംഘങ്ങളിലോ നൽകുന്നു. ഓരോ കാവ്യഭാഗത്തിനും രണ്ടു സംഘങ്ങൾവീതം വരുന്ന തരത്തിൽ കുട്ടികളെ തരംതിരിക്കുന്നു.സംഘങ്ങളിൽ ചർച്ച ചെയ്ത് പ്രത്യേകതകൾ കണ്ടെത്തുന്നു.10 മിനിട്ട്

ഒരു സംഘം അവതരിപ്പിക്കുന്നു. അതേ വരികൾ കിട്ടിയ അടുത്ത സംഘം അതിനെ മെച്ചപ്പെടുത്തുന്നു. പ്രധാനാശയങ്ങൾ അധ്യാപിക ബോർഡിലെഴുതുന്നു.
എല്ലാ കാവ്യഭാഗത്തിന്റെയും അവതരണത്തിനു ശേഷം കാവ്യപരമായ പ്രത്യേകതകളിലൂന്നി അധ്യാപികയോ ഏതെങ്കിലുമൊരു കുട്ടിയോ ക്രോഡീകരിക്കുന്നു. 20 മിനിട്ട്

തുടർന്ന് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. (വ്യക്തിഗതം) 15 മിനിട്ട്

ഒന്നോ രണ്ടോ കുട്ടികൾ അവതരിപ്പിക്കുന്നു.
ആസ്വാദനക്കുറിപ്പ് വിലയിരുത്തേണ്ടതെങ്ങനെ?
ചർച്ചയിലൂടെ സൂചകങ്ങൾ തയ്യാറാക്കുന്നു. ബോർഡിലെഴുതുന്നു.
സൂചകങ്ങൾ
-കവിതയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.
-ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
(അലങ്കാരം, വാങ്മയചിത്രം, ധ്വനി, പ്രാസം,
പദപ്രയോഗം, ആനുകാലികത, സമാനകവിത.....)
-ചിട്ടയായ ഭാഷയിൽ ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
സുചകങ്ങൾക്കനുസരിച്ച് സ്വന്തം രചനകൾ മെച്ചപ്പെടുത്തുന്നു. 15 മിനിട്ട്

## വേണമീ സ്നേഹബന്ധങ്ങളൂഴിയിൽ

യുദ്ധങ്ങൾ, സംഘർഷങ്ങൾ, കലാപങ്ങൾ, കലഹങ്ങൾ, വിഭാഗീയതകൾ .... ലോകത്തെങ്ങും നമുക്ക് കാണാൻ കഴിയുന്ന കാഴ്ചകളിവയാണ്. സ്നേഹം കൊതിക്കുന്ന മനുഷ്യജീവിതങ്ങളുടെ നൊമ്പരങ്ങളാണ് ചുറ്റിലും. അന്യന്റെ വാക്കുകൾ സംഗീതംപോലെ ആസ്വദിക്കുന്ന ഒരു ലോകം നമുക്ക് എന്നാണ് കാണാൻ കഴിയുക? സ്നേഹത്തിനും പരിഗണനയ്ക്കും ജാതി,മത,വർഗ,വർണ, ഉച്ചനീചത്വങ്ങൾ തടസ്സമാകരുത്. കവികളും സാഹിത്യകാരന്മാരും സ്നേഹത്തിന്റെ പ്രവാചകന്മാരാണ്. ഇതിന്റെ സാക്ഷ്യപത്രങ്ങളാണ് ഈ യൂണിറ്റിലെ രചനകൾ.

സ്നേഹത്തിന്റെ വിവിധ ഭാവങ്ങളാണ് ഇവയിൽ ആവിഷ്കരിക്കപ്പെടുന്നത്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകൾക്ക് അനുകൂലമോ പ്രതികൂലമോ ആയ തെളിവുകൾ കണ്ടെത്തുക.
കൊച്ചുദുഃഖങ്ങളുറങ്ങൂ, തോരാമഴ, എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്നീ രചനകളാണ് വിലയിരുത്തേണ്ടത്.

1)സ്നേഹത്തിനു പ്രാധാന്യം നല്കാത്ത ഒരു സമൂഹമാണ് ഇന്നുള്ളത്.

2) വ്യത്യസ്തതലങ്ങളിലുള്ള ആവിഷ്കാരങ്ങൾ സ്നേഹത്തിന്റെ മഹനീയത ബോധ്യപ്പെടുത്താൻ സഹായകമാണ്.

3) സ്നേഹം കൊതിക്കുന്ന കഥാപാത്രങ്ങളോട് നമുക്ക് ഇഷ്ടം കൂടുന്നു.

4) സ്നേഹം നിഷേധിക്കുന്ന കഥാപാത്രങ്ങളോട് നമുക്ക് വെറുപ്പ് തോന്നുന്നു.

5) വേദനിക്കുന്നവർക്ക് പ്രതീക്ഷയും ആശ്വാസവും നൽകുന്നത് പ്രകൃതിയാണ്.

6) വ്യക്തികളുടെ നന്മകളോ ത്യാഗങ്ങളോ ആണ് അവരെ മനുഷ്യരാക്കുന്നത്.

കണ്ടെത്തിയ തെളിവുകൾ ഉപയോഗിച്ച് മലയാളസാഹിത്യത്തിലെ സ്നേഹസങ്കല്പം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക.

**സമയം-90 മിനിട്ട്**
**പ്രവർത്തനരീതി**

സ്നേഹിക്കയുണ്ണീ നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും.

കവിതാശകലം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ചൊല്ലുന്നു.
വരികളുടെ ആശയമെന്ത്?
ആരുടെ വരികൾ?
സ്നേഹത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന മറ്റു വരികൾ കണ്ടെത്താമോ?
(കവിതകൾ,സിനിമാഗാനങ്ങൾ, വാക്യങ്ങൾ......)
കുട്ടികൾ നിർദേശിക്കുന്നവ കൂട്ടമായി ചൊല്ലുന്നു-വായിക്കുന്നു-ബോർഡിലെഴുതുന്നു.
തുടർന്ന് പ്രവർത്തനപത്രികയിലെ ആമുഖത്തിലെ പ്രധാനാശയങ്ങൾകൂടി
ഉൾപ്പെടുത്തി അധ്യാപിക ചർച്ച ക്രോഡീകരിക്കുന്നു. 10 മിനിട്ട്

തുടർന്ന് വിശകലനപത്രിക ചെറുസംഘങ്ങളിൽ നല്കുന്നു. ഓരോ ആശയവും രണ്ടു സംഘങ്ങൾക്കു ലഭിക്കുംവിധം കുട്ടികളെ തരംതിരിക്കുന്നു.
ഓരോ ആശയവും മൂന്നു രചനകളുമായി ബന്ധപ്പെടുത്തി കുട്ടികൾ കണ്ടെത്തുന്നു.
കണ്ടെത്തലുകൾ കുറിപ്പുകളായി തയ്യാറാക്കുന്നു. 20 മിനിട്ട്

പൊതുവായി അവതരിപ്പിക്കുന്നു.. ഒരു സംഘം അവതരിപ്പിക്കുന്നു. അതേ ആശയം ലഭിച്ച മറ്റേ സംഘം കൂട്ടിച്ചേർത്ത് മെച്ചപ്പെടുത്തുന്നു. പ്രധാനാശയങ്ങൾ അധ്യാപിക ബോർഡിലെഴുതണം.
എല്ലാ സംഘങ്ങളുടെയും അവതരണത്തിനു ശേഷം അധ്യാപികയോ ഒരു കുട്ടിയോ ക്രോഡീകരണം നടത്തുന്നു. 30 മിനിട്ട്

ഇങ്ങനെ രൂപീകരിച്ച ആശയം പ്രയോജനപ്പെടുത്തി വ്യക്തിഗതമായി ഉപന്യാസം തയ്യാറാക്കുന്നു. (ഗൃഹപാഠം)
അടുത്ത ദിവസം തയ്യാറാക്കിയ ഗൃഹപാഠം മൂന്നോ നാലോ കുട്ടികൾ
അവതരിപ്പിക്കുന്നു. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. 20 മിനിട്ട്

തുടർന്ന് സ്വന്തം രചനകൾ മെച്ചപ്പെടുത്തുന്നു. 10 മിനിട്ട്

**സൂചകങ്ങൾ**
- സ്നേഹവുമായി ബന്ധപ്പെട്ട് രചനകളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.
-ആശയം വിശകലനം നടത്തിയിട്ടുണ്ട്.
- ഘടന പാലിച്ച് തയ്യാറാക്കിയിട്ടുണ്ട്.( തലക്കെട്ട്,ഖണ്ഡികാകരണം, നിരീക്ഷണം....)
- ഉചിതമായ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## ബ്രഹ്മാലയം തുറക്കപ്പെട്ടു

**സമയം-90 മിനിട്ട്**
**പ്രവർത്തനരീതി**

ബ്രഹ്മാലയം തുറക്കപ്പെട്ടു എന്ന വി.ടി. യുടെ ആത്മകഥാഭാഗത്തെ ശ്രദ്ധേയമാക്കുന്ന സവിശേഷതകൾ എന്തെല്ലാം?
അധ്യാപിക ചോദ്യം ഉന്നയിക്കുന്നു.
കുട്ടികൾ പറയുന്നവയിൽ പ്രസക്തങ്ങളായവ ബോർഡിലെഴുതുന്നു.
(ഗദ്യഭാഷയുടെ സവിശേഷത, സാമൂഹ്യാവസ്ഥയുടെ നേർക്കാഴ്ചകൾ, അനുഭവങ്ങളുടെ സ്വാഭാവികതയും തീവ്രതയും, ജീവിതരീതിയുടെ പ്രതിഫലനങ്ങൾ, ആദർശനിഷ്ഠ.........)
കുട്ടികൾ നിർദേശിക്കുന്നവയിൽ പ്രസക്തമായ മറ്റുള്ളവയും കൂട്ടിച്ചേർക്കണം.
സവിശേഷതകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ സംഘങ്ങളാക്കുന്നു.
ഓരോ സവിശേഷതയ്ക്കും രണ്ടു സംഘങ്ങൾ വരുന്ന രീതിയിൽ കുട്ടികളെ തിരിക്കണം. 15 മിനിട്ട്

ഓരോ സംഘവും അവരവർക്കു ലഭിച്ച സവിശേഷതകൾക്ക് പാഠഭാഗത്തുനിന്നും പരമാവധി തെളിവുകൾ കണ്ടെത്തുന്നു. കണ്ടെത്തിയവ കുറിപ്പുകളായി തയ്യാറാക്കി അവതരിപ്പിക്കുന്നു. 20 മിനിട്ട്

ഒരു സംഘം അവതരിപ്പിക്കുന്നു.അതേ സവിശേഷത ലഭിച്ച അടുത്ത സംഘം കൂട്ടിച്ചേർത്ത് മെച്ചപ്പെടുത്തുന്നു. അവതരണവേളയിൽ പ്രസക്തമായ കണ്ടെത്തലുകൾ അധ്യാപിക ബോർഡിലെഴുതുന്നു. ഓരോന്നും ക്രോഡീകരിക്കുന്നു. 20 മിനിട്ട്

എല്ലാ സംഘങ്ങളുടെയും അവതരണത്തിനു ശേഷം അധ്യാപിക പൊതുവായി ക്രോഡീകരണം നടത്തുന്നു.
(ഇവിടെ നിലവിലുണ്ടായിരുന്ന അവസ്ഥ, സ്വാമി വിവേകാനന്ദന്റെ പരാമർശം നാരായണഗുരു, ചട്ടമ്പിസ്വാമികൾ, കേളപ്പൻ....കേരളത്തിന്റെ നവോത്ഥാനകാലം- നേതൃത്വം നൽകിയവർ-അവരുടെ ത്യാഗങ്ങൾ, ആദർശനിഷ്ഠ, സ്വപ്നങ്ങൾ- കേരളത്തിന്റെ സാമൂഹ്യബന്ധത്തിൽ വരുത്തിയ മാറ്റം- ഈ മാറ്റത്തിൽ വി.ടി ഇ.എം.എസ് തുടങ്ങിയവരുടെ സംഭാവനകൾ- വാക്കും പ്രവൃത്തിയും തമ്മിലുള്ള ബന്ധം- കേരളത്തിന്റെ ഇന്നത്തെ അവസ്ഥ-തിരിച്ചുപോക്ക്, അന്ധവിശ്വാസം, പുതിയ ആചാരങ്ങൾ, ആഡംബരഭ്രമം, സ്വാർത്ഥത,തുടങ്ങിയവയും നവോത്ഥാന മൂല്യങ്ങൾതിരിച്ചുപിടിക്കേണ്ടതിന്റെ ആവശ്യകതയും . ക്രോഡീകരണത്തിൽ കൂട്ടിച്ചേർക്കണം.) 5 മിനിട്ട്

തുടർന്ന് നമ്മുടെ 'നവോത്ഥാനമൂല്യങ്ങൾ തിരിച്ചുപിടിക്കുക' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം തയ്യാറാക്കുന്നു.15 മിനിട്ട്
ഒന്നോ രണ്ടോ എണ്ണം അവതരിപ്പിക്കുന്നു.
സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തുന്നു.
സ്വയം മെച്ചപ്പെടുത്തുന്നു. 15 മിനിട്ട്

## അലയും മലയും കടന്നവർ

**സമയം-90 മിനിട്ട്**

**പ്രവർത്തനം-പതിപ്പ് നിർമാണം**

**പ്രവർത്തനരീതി**

ഇവിടെ ഞങ്ങൾക്കീപ്പഴയ മണ്ണിൽത്താ-
നിനിയും ജീവിതം പടർത്തുകിൽ പോരും.
.......................................................................
.........................................................................
ഇവിടെ സ്നേഹിപ്പാ,നിവിടെയാശിപ്പാ-
നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം

' ഞാൻ പേപ്പർ മടക്കി. പിന്നെ കണ്ണടച്ചിരുന്നു കുറേ കരഞ്ഞു. ആ കത്തല്ല, ആ കരച്ചിലായിരുന്നു എന്റെ സത്യം ; ആരും വായിക്കാത്ത സത്യം.'

ഈ ഭാഗങ്ങൾ രേഖപ്പെടുത്തിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. വായന. ചർച്ച

ആസ്സാംപണിക്കാരും നജീബും ഇത്തരത്തിൽ ചിന്തിക്കാൻ കാരണങ്ങളെന്തെല്ലാമായിരിക്കും?

കുട്ടികൾ പ്രതികരിക്കുന്നു. (കവിതയുടെയും നോവൽഭാഗത്തിന്റെയും ആശയത്തിലൂന്നി അധ്യാപിക ക്രോഡീകരിക്കുന്നു)

തുടർന്ന് അധ്യാപിക ചോദ്യം ഉന്നയിക്കുന്നു. 20 മിനിട്ട്

പ്രവാസികൾ നേരിടുന്ന പ്രയാസങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

കുട്ടികൾ പ്രതികരിക്കുന്നു. പ്രധാനപ്പെട്ടവ ബോർഡിലെഴുതുന്നു.

-പത്രാധിപർക്ക് കത്ത്
-പത്രവാർത്ത
-മുഖപ്രസംഗം
-നിവേദനം നല്കൽ 5 മിനിട്ട്

പ്രവാസജീവിതം പ്രതിപാദിക്കുന്ന പാഠഭാഗങ്ങളെ ആകർഷകമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം? ചർച്ച

ഭാഷ
ആഖ്യാനശൈലി
വൈകാരികത

ഇവയുമായി ബന്ധപ്പെട്ട തെളിവുകൾ പൊതുചർച്ചയിലൂടെ പാഠഭാഗത്തുനിന്നും കണ്ടെത്തുന്നു. അവ ബോർഡിൽ കുറിക്കുന്നു.

തുടർന്ന് കുട്ടികൾ ഏഴു സംഘങ്ങളായി മാറുന്നു. ഓരോ സംഘത്തിനും ഓരോ മേഖല വീതം നൽകുന്നു.

പത്രാധിപർക്ക് കത്ത്
-പത്രവാർത്ത
-മുഖപ്രസംഗം
-നിവേദനം നല്കൽ

-ഭാഷ
-ആഖ്യാനശൈലി
-വൈകാരികത-ഗൃഹാതുരത

ഓരോ സംഘവും അവരവർക്കു ലഭിച്ച വിഷയവുമായി ബന്ധപ്പെട്ട് സംഘത്തിൽ ആശയങ്ങൾ പങ്കുവെക്കുന്നു. 10 മിനിട്ട്

തുടർന്ന് വ്യക്തിഗതമായി രചനകൾ തയ്യാറാക്കുന്നു. 15 മിനിട്ട്

അവ വിലയിരുത്തി ഓരോ സംഘത്തിലെയുംമികച്ച രചനകൾ കണ്ടെത്തുന്നു.10 മിനിട്ട്

അവ ശേഖരിച്ച് ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു. 20 മിനിട്ട്

തുടർന്ന് പതിപ്പാക്കുന്നു. 10 മിനിട്ട്

# മാതൃകാമൂല്യനിർണയം
# മലയാളം- പേപ്പർ 2

സമയം-90 മിനിട്ട് സ്കോർ-40

**നിർദേശങ്ങൾ**

നിർദേശങ്ങൾ വ്യക്തമായി വായിക്കണം.
ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം മുതലായവ പരിഗണിക്കണം.
15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയത്ത് ചോദ്യങ്ങൾ ശരിയായി വായിച്ച് ഉത്തരം മനസ്സിൽ ക്രമീകരിക്കണം.
ഉത്തരങ്ങൾ കൃത്യതയുള്ളതായിരിക്കണം.

1. "കുളിച്ചു പൂപ്പൊലിപ്പാട്ടിൽ
 വിളിച്ചു മലനാടിനെ:
 ഒളിച്ചു പൂക്കളം തീർത്തു
 കളിച്ച പുലർവേളകൾ"
 ഈ വരികളിൽ തെളിയുന്ന കാവ്യപരമായ പ്രത്യേകതകൾ കുറിക്കുക 2

2. 'എന്റെ സ്ലെയ്റ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്.'
 ഈ വരികൾ നല്കുന്ന അർത്ഥസാധ്യതകൾ കണ്ടെത്തിയെഴുതുക. 2

3. 'അറിവും ആടലോടകവും മണക്കുന്ന
 പഴമൊഴികളുടെ നിറനിലാവ്'
 നിറനിലാവ് എന്ന പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക. 4

4 .-ഒരിക്കൽ ഗോതമ്പിറക്കാൻ വന്ന ഒരു വണ്ടിക്കാരൻ എന്നോടെന്തോ സംസാരിക്കാൻ ശ്രമിച്ചതും അർബാബ് തോക്കുമായി ചാടി വന്നതും ഒന്നിച്ചായിരുന്നു.
 -എനിക്കിടയ്ക്കിടെ നല്ല സമ്മാനങ്ങൾ തരാറുണ്ട്.
 വരികളിൽ തെളിയുന്ന അർബാബിന്റെ സ്വഭാവസവിശേഷതകൾ കുറിക്കുക 4

5. 'അറിയുമേ ഞങ്ങള,റിയുമീ നാടു
 നരകമാക്കീടും നരകീടങ്ങളെ.'
 നരകീടങ്ങൾ എന്ന പ്രയോഗം ഇന്നത്തെ സമൂഹവുമായി ബന്ധപ്പെടുത്തി വിലയിരുത്തുക 4

6. ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
 മേതൊരു കാവ്യവുമേതൊരാൾക്കും
 ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
 വക്ത്രത്തിൽനിന്നുതാൻ കേൾക്ക വേണം.
 -വള്ളത്തോൾ

 വ്യാകരണവും കവിതയും കാട്ടി
 എന്നെ ഭയപ്പെടുത്തി പ്രലോഭിപ്പിച്ചവൾ
 -സച്ചിദാനന്ദൻ

 മാതൃഭാഷയെക്കുറിച്ച് രണ്ടു കവികൾക്കുമുള്ള നിലപാട് താരതമ്യം ചെയ്ത് കുറിപ്പെഴുതുക. 4

7 അക്കൊച്ചു ശാരിക!- ഭൂമികന്യക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ-
നാടുവെടിഞ്ഞുപോം നന്മകൾതൻ കഥ
പാടിയ പൈങ്കിളിപ്പൈതൽ
കൊക്കിൽച്ചുരന്ന നറുന്തേൻ നുകർന്നെന്റെ
കൊച്ചുദുഃഖങ്ങളുറങ്ങൂ!
നിങ്ങൾതൻ കണ്ണീർ കലരാതിരിക്കട്ടെ-
യിന്നെങ്കിലുമെന്റെ പാട്ടിൽ!

തന്റെ പാരമ്പര്യം, കവിധർമം എന്നിവയെക്കുറിച്ച് കവിയുടെ കാഴ്ചപ്പാട് വരികൾ വിശകലനം ചെയ്ത് കണ്ടെത്തുക. 4

8. ഉമ്മയുടെ ദുഃഖത്തിന്റെ തീവ്രത ശക്തമാക്കാൻ കവി സ്വീകരിച്ച രചനാതന്ത്രങ്ങളാണ് തോരാമഴയെ ഭാവാത്മകമാക്കുന്നത്. കവിത വിശകലനം ചെയ്ത് സ്വാഭിപ്രായം സമർത്ഥിക്കുക.

സൂചനകൾ

- ഉമ്മ തനിച്ചു പുറത്തുനിന്നു.
- ചമ്പകച്ചോടോളമപ്പോളിരുട്ടു വന്നു. 4

9 അയിത്തം,ജാതീയത, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായി പ്രവർത്തിച്ച് കേരളത്തെ മനുഷ്യാലയമാക്കിയത് നവോത്ഥാന നായകരാണ്. അവർ ഉയർത്തിപ്പിടിച്ച ആദർശങ്ങൾ ഇക്കാലത്തും പ്രസക്തമാവുകയാണോ? ബ്രഹ്മാലയം തുറക്കപ്പെട്ടു എന്ന പാഠഭാഗവും ഇന്നത്തെ സാമൂഹ്യാവസ്ഥകളും വിശകലനം ചെയ്ത് നവോത്ഥാനമൂല്യങ്ങൾ തിരിച്ചുപിടിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന മുഖപ്രസംഗം തയ്യാറാക്കുക. 6

10 ഉടനുടനോടിയടുക്കട്ടേ, ചുറ്റും
നടനം ചെയ്യട്ടേ, പഴയ കൂട്ടുകാർ!
ഒരൊറ്റത്തെങ്ങുകണ്ടിടത്തിലൊക്കെയും
സ്മരിച്ചു ഞങ്ങളീപ്പിറന്ന നാടിനെ;
വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവൊടോർത്തതീയമലനാടിനെ.

ആസ്സാംപണിക്കാർ ജന്മനാടിനെക്കുറിച്ച് ഇത്തരത്തിലോർക്കാനുള്ള കാരണങ്ങളെന്തെല്ലാമായിരിക്കും?

അവ കണ്ടെത്തി പ്രവാസിയും ജന്മനാടും എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക 6

---